

പരിശുദ്ധ കന്യക മറിയത്തിന്റെ
സ്വർഗ്ഗാരോഹണം.

(തിരുനാൾ ആഗസ്റ്റ് 15-ാംനു.)

# കർമ്മെല കുസുമം.

പുസ്തകം ൨൩)    ആഗസ്റ്റ്.    (ലക്കം ൮.


# സ്വർഗ്ഗനായികാകീർത്തനം.

(ശ്രീമാൻ എ. റി. ദേവസ്സി; എങ്ങണ്ടിയൂർ.)

കമാസ്സ്.    (സുജനജീവന– മട്ട്)    രൂപകം.

പല്ലവി.

മഹിളമാർ മൌലേ! മേരീ! മഹാവിശുദ്ധശീലേ!    (മഹിള......)

അനുപല്ലവി.

ഇവനെഴുംമാലേ– ശാരത– തിരുഹിതംപോലെ
പാലിച്ചാകുലേ, പാപിയെന്നിലേ, ഖേദംനീക്കീട്ടപാലേ    (മഹിള......)

ചരണങ്ങൾ.

1. വിണ്ണവർക്കുനായകിയേ! പാവനസച്ചരിതേ!
പുണ്യപൂർണ്ണയാകുംമേരീ! പൂർണ്ണമായ് വാഴ്ത്തുന്നഭേ,
കരുണകാട്ടണേ!മമ– ദുരകൾ നീക്കണേ!
ദീനഹാരിണീ! ദാറകാരണീ! വാനവർക്കമ്മേ നീ! മേരീ    (മഹിള......)

2. നിർമ്മലജാതയാമമ്മേ! ശർമ്മം നൽകുക ചെമ്മേ,
നിർമ്മലനായ് ജീവിച്ചീടാൻ, എന്നിൽ ദയകാട്ടമ്മേ!
ഭജനഭാജനേ!മമ– രുജകൾ നീക്കണേ!
നിമ്പദമിതാ, കുമ്പിട്ടുന്നിവ– നെൻപിഴകൾ പൊറുക്ക, മേരീ! (മഹിള)

# പ്രസാധകക്കുറിപ്പുകൾ.

## ദൈവജനനിയുടെ സ്വർഗ്ഗപ്രാപ്തി.

പാപത്തിൻെറ ശിക്ഷയാണല്ലൊ മരണം. പാപകറലവലേശവുംസ്പർശിക്കാത്ത ദൈവജനനയായ പരശുദ്ധകന്യകയും എല്ലാ മനുഷ്യരെയുംപോലെ മരിച്ചെങ്കിലും മരണാനന്തരം മൂന്നാം നാൾ അക്ഷയ ശരീരത്തോടുകൂടെ സ്വർഗ്ഗത്തിലേക്കു സ്വീകരിക്കപ്പെടുകയാണുണ്ടായതു. അവിടെ ത്രിലോക രാജ്ഞിയായി നിത്യപിതാവിനാൽ കിരീടം ധരിപ്പിക്കപ്പെടുകയും ചെയ്തു. വരപ്രസാദത്തിൻെറ ഈ നാഥ സ്വർഗ്ഗത്തിൽ ഇപ്രകാരം തനിക്കു ലഭിച്ചിരിക്കുന്ന സ

ർവ്വാധികാരത്തെ തന്റെ മക്കളുടെ പ്രയോജനത്തിനായി നിരന്തരം ഉപയോഗപ്പെടുത്തിക്കൊണ്ടുവരുന്നു. ഹാ! കണ്ണുനീരിന്റെ ഈ കനവായിൽ യുദ്ധത്തിലിരിക്കുന്ന നമുക്കു ഇതിലധികം ആശ്വാസപ്രദമായ ഒരു ചിന്തയെന്താണുള്ളതു? നമ്മുടെ അമ്മ സ്വർഗ്ഗരാജ്യത്തിൽ വാഴുന്നു. അതെ സർവ്വാധികാരങ്ങളോടുംകൂടെ നമ്മുടെ രക്ഷയ്ക്കുവേണ്ട സഹായങ്ങൾ ചെയ്തുതരുന്നതിനായി സദാ അനുഗ്രഹപൂർവ്വം തയ്യാറായിരിക്കുന്നു. മക്കളെയെല്ലാവരെയും സ്വർഗ്ഗരാജ്യത്തിലേക്കു കൊണ്ടുപോകുന്നതിനുള്ള അവസരം പാർത്തുകൊണ്ടിരിക്കുന്നു. ഈ വിദേശവാസത്തിനിടയ്ക്കു ഉൗദ്ദശമായ ചിന്തകളാൽ തങ്ങളേത്തന്നെ ധൈര്യപ്പെടുത്തിക്കൊണ്ടു, സ്വർഗ്ഗത്തിലേക്കു തങ്ങളുടെ കണ്ണുകളെ സദാ ഉയർത്തിക്കൊണ്ടു, ദൈവജനനിയുടെ ആശ്രയത്തെ എപ്പോഴും തേടിക്കൊണ്ടു, നടക്കുന്നവർക്കു ഭാഗ്യം. അമ്മയോടുകൂടെ അചിരേണ സ്വർഗ്ഗഭാഗ്യത്തിൽ ചെന്നുചേരുന്നതിനു അവർക്കിടയാകുന്നതാകുന്നു.

## മെക്സിക്കോയിലെ തൽക്കാല സ്ഥിതി.

മതപീഡനം അവസാനിപ്പിക്കുന്നതിലേക്കു വത്തിക്കാനും മെക്സിക്കൻഗവർമ്മെന്റും തമ്മിൽ എന്തോ ആലോചനകൾ ആരംഭിച്ചിട്ടുണ്ടെന്നുള്ള ശ്രുതി ഒടുവിൽ അടിസ്ഥാനരഹിതമായി കലാശിച്ചിരിക്കുന്നു. മെക്സിക്കോയിലെ റൂയീസ് മെത്രാപ്പോലീത്താ പരിശുദ്ധപിതാവിനെ സന്ദർശിപ്പാൻ റോമയിലെത്തിയിരുന്നതിനെ ആസ്പദമാക്കിയാണു ഈ കേൾവി ഉത്ഭവിച്ചതു. അനന്തരം കഴിഞ്ഞ മാസാരംഭത്തിൽ കാലസിനു പകരം ഓബ്രെഗോൻ പ്രസിഡണ്ടായി തിരിഞ്ഞെടുക്കപ്പെടുകയും, അദ്ദേഹം കത്തോലിക്കരോടു അല്പം അനുഭാവമുള്ളവനാണെന്നു കേൾക്കുകയും ചെയ്തതോടുകൂടി ഈ വർത്തമാനം പ്രബലപ്പെട്ടു. കാലസിന്റെ ഭരണം ഡിസംബർമാസംവരെ നീളിക്കുമെന്നും, മതപീഡനം പഴയപടി തുടർന്നുകൊണ്ടിരിക്കുന്നതായും കേട്ടപ്പോൾ സകലരും ഭഗ്നാശരായി തീർന്നതാണ്. അതോടുകൂടെ പുതിയ പ്രസിഡണ്ടിനെ ആരോ വെടിവെച്ചു കൊല്ലുകകൂടെ ചെയ്തപ്പോൾ കാര്യങ്ങൾ പൂർവ്വാധികം കുഴപ്പത്തിലായി. കത്തോലിക്കരാണു ഈ അക്രമത്തിനു ഹേതുഭൂതരെന്നു വരുത്തുവാൻ കാലസു സർവ്വശ്രമവും ചെയ്യുന്നുണ്ട്. എങ്കിലും ഇതേവരെ പറയത്തക്ക തെളിവൊന്നും കിട്ടിയിട്ടില്ല. കത്തോലിക്കരെ പലരെ അറസ്റ്റുചെയ്തുവരുന്നു. സംഗതികൾ ഏതു സ്ഥിതിയിലാകുമെന്നു വളരെ പരിഭ്രമിക്കേണ്ടിയിരിക്കുന്നു. ഏതായാലും മെക്സിക്കോയിക്കുവേണ്ടിയുള്ള നമ്മുടെ പ്രാർത്ഥന നിറുത്താൻ ഇനിയും കാലമായിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു.

## വേദപ്രചാരമദ്ധ്യസ്ഥൻ.

ചങ്ങനാശേരി രൂപതയുടെ ഔദ്യോഗിക പത്രമായി പ്രസിദ്ധപ്പെടുത്തി തുടങ്ങിയിരിക്കുന്ന 'വേദപ്രചാരമദ്ധ്യസ്ഥ'ന്റെ ഒന്നാം ലക്കം നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു. മാർജെയിംസുമെത്രാനച്ചൻ തിരുമനസ്സിലെ നാമകാരണനായ വിശുദ്ധന്റെ തിരുനാൾ ദിനമായ ജൂലൈ 25-ാംനു ഇതു ആരബ്ധമായിട്ടുള്ളതു പ്രത്യേകിച്ചും അവസരോചിതമായിട്ടുണ്ട്. മാർയൗസേപ്പുപിതാവിന്റെയും, ജയിംസുമെത്രാനച്ചന്റെയും, കാലം ചെയ്ത കുര്യാളശേരിൽ മാർ തോമ്മാ മെത്രാനച്ചന്റെയും ഛായാപടങ്ങളോടും, വിജ്ഞാനപ്രദങ്ങളായ പല നല്ല ലേഖനങ്ങളോടും, ഡെമി എട്ടിൽ മുപ്പത്തിരണ്ടു പക്ഷങ്ങളോടുംകൂടെ പുറപ്പെട്ടിരിക്കുന്ന "മദ്ധ്യസ്ഥ"ന്റെ ഈ ഒന്നാംലക്കംതന്നെ അതിന്റെ ഭാവിശ്രേയസ്സിന്റെ ഒരു അച്ചാരമായികരുതാവുന്നതാണ്. തല്ക്കാലം രണ്ടു മാസത്തിലൊരിക്കലേ പ്രസിദ്ധപ്പെടുത്താൻ കരുതിയിട്ടുള്ളെങ്കിലും അചിരേണ ഇതു ഒരു പ്രതിമാസപത്രികയായിത്തീരുമെന്നു കാണുന്നു. ആണ്ടടക്കം ഇപ്പോൾ പന്ത്രണ്ടണയേ വരിസംഖ്യ നിശ്ചയിച്ചിട്ടുള്ളു. 'മദ്ധ്യസ്ഥൻ' ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നതിനു മാർ യൗസേപ്പുപിതാവ് കടാക്ഷിക്കുമാറാകട്ടെ!

# ആംഗ്ലിക്കൻസഭയുടെ മേലധികാരി.

(റവ. ഡാക്ടർ ജോസഫ് പഞ്ഞിക്കാരൻ എം. ഏ., പി. എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ.)

ആംഗ്ലിക്കൻ സഭയുടെ ആരാധനക്രമം അടങ്ങിയ പുസ്തകത്തിനാണല്ലോ സഭയുടെ പ്രാർത്ഥനാപുസ്തകം എന്ന് സാധാരണമായി പറയാറുള്ളത്. ഇംഗ്ലണ്ടിലെ രാജാവായിരുന്ന ഹെൻട്രി എട്ടാമൻ തന്റെ ഭാര്യയായിരുന്ന കത്രീനാരാജ്ഞി ജീവിച്ചിരിക്കുമ്പോൾ ആ രാജ്ഞിയുടെ ഒരു പരിചാരികയായിരുന്ന അൻബൊളേൻ എന്ന സ്ത്രീയെ വിവാഹം ചെയ്യണമെന്നാഗ്രഹിക്കുകയും ആ ആഗ്രഹത്തെ ക്രിസ്തീയസഭയുടെ തലവനായ മാർപ്പാപ്പാ തടയുകയും ചെയ്തതാണല്ലോ ആംഗ്ലിക്കൻസഭ ഉത്ഭവിക്കാനുണ്ടായ ഒരു പ്രധാനകാരണം. അതിപ്രബലനായിരുന്ന രാജാവു തന്റെ രാജശക്തിയെ പ്രയോഗിച്ച് ഇംഗ്ലണ്ടിലെ കത്തോലിക്കാസഭയെ—ഇംഗ്ലണ്ടിലെ ക്രിസ്തുമതാരംഭംമുതൽ നിലനിന്നുവന്ന ആ സഭയെ—മാർപ്പാപ്പായുടെ ആദ്ധ്യാത്മികാധികാരത്തിൽനിന്നു വിടുർത്തി ഒരു സ്വതന്ത്രസഭയാക്കിച്ചെയ്തു. എന്നാൽ ഒരു കുടുംബത്തിനു ഒരു തലവൻ എന്നപോലെ ഒരു സഭയ്ക്കും ഒരു തലവൻ വേണമല്ലോ. ആ തലവൻ രാജാവാണെന്നു തീരുമാനിച്ചു. രാജാവു രാജ്യകാര്യങ്ങൾ പാർലമെണ്ട് വഴിയായിട്ടാണ് സാധാരണ നടത്താറുള്ളത്. അതിനാൽ സഭാകാര്യങ്ങളും പാർലമെണ്ടിന്റെ ഭരണത്തിനു വിട്ടുകൊടുത്തു. കത്തോലിക്കാസഭ
യിൽനിന്നു നീക്കപ്പെട്ട... വൊക്കി
സഭയിലെ വിശപ്താവെ! എന്റെ
ആരാധനക്രമവും ഓല്ലുക. അനന്ത
മെന്നു പാർലമെണ്ടസി പ്രാർത്ഥിക്കാം.
ക്ഷം ജനങ്ങൾതന്നെ വെ! പട്ടക്കാര

൧൫൪൯-ൽ പ്രസിദ്ധപ്പെടുത്തിയ ആദ്യത്തെ പ്രാർത്ഥനാപുസ്തകവും പിന്നീട് ആറാമത്തെ എഡ്വേർഡ് രാജാവിന്റെ കാലത്തുതന്നെ നടപ്പാക്കിയ പരിഷ്കരിച്ച പ്രാർത്ഥനാപുസ്തകവും പാർലമെണ്ട് വഴിയായിട്ടാണ് ആംഗ്ലിക്കൻസഭയ്ക്കു കിട്ടിയിട്ടുള്ളത്. എന്നാൽ കാലക്രമത്തിൽ ഈ പ്രാർത്ഥനാപുസ്തകത്തിൽ ചില പരിഷ്കാരങ്ങൾകൂടി വരുത്തേണ്ടതു് അത്യാവശ്യമായിത്തീർന്നു. അംഗീകരിക്കപ്പെട്ട പുസ്തകത്തിലെ ആരാധനക്രമം എങ്ങനെയായിരുന്നാലും ആംഗ്ലിക്കൻസഭയിൽ ക്രമേണ ചില കത്തോലിക്കാവിശ്വാസങ്ങളും ആരാധനക്രമങ്ങളും കടന്നുകൂടുവാൻ തുടങ്ങി. ന്യൂമാൻ, മാനിങ്ങ് മുതലായ സുപ്രസിദ്ധ ആംഗ്ലിക്കൻനേതാക്കന്മാർ ആ സഭയെ വിട്ട് കത്തോലിക്കാസഭയിൽ ചേർന്നതോടുകൂടി കത്തോലിക്കാവിശ്വാസാചാരാനുകരണഭ്രമം ശക്തിയായി സഭയിൽ കടന്നുകൂടി. ആംഗ്ലോകത്തോലിക്കർ എന്ന ഒരു പ്രബലകക്ഷി ആംഗ്ലിക്കൻസഭയിൽ ഉണ്ടായി. ഇതിന്റെ നേതാവു നമ്മുടെ ഇപ്പോഴത്തെ വൈസ്രോയിയുടെ പിതാവായ ലോർഡ് ഹാലിഫാക്സാണ്. ആധുനികസഭയിലെ ഒരു ശക്തിയുള്ള വിഭാഗമാണ് ഇവരെന്നതു സർവസമ്മതമാണ്. പഴയ പ്രാർത്ഥനാപുസ്തകത്തിലെ പല സംഗതികളും ഇവർക്കു സ്വീകാര്യമായിത്തോ
ക്കുന്നതിനേക്കാൾയെ അവഗണിച്ച് ക
മില്ലെന്ന് വിശ്രുിയ പാട്ടുള്ള സംഗതി
ഉപദേശിക്കുന്നു. നുകരിച്ചുകൊണ്ടാണ്
ണം ജീവിക്കുന്നവ നില. പ്രാർത്ഥനാപു
ങ്ങി ദിവസംപ്ര...ചാനുസൃതവും ഇപ്പോ

*

ൽ പല ആംഗ്ലിക്കൻപള്ളികളിൽ നടപ്പിലിരിക്കുന്ന വിധത്തിലുള്ളതുമായ പരിഷ്കാരങ്ങളോടുകൂടിയ ഒരു പതിപ്പാണു് തങ്ങൾക്കു വേണ്ടതെന്നു അവർ വാദിച്ചുതുടങ്ങിയിട്ടു് വർഷങ്ങൾ കുറെ ആയി. ഇനിയും അവരുടെ മുറവിളിയെ ശ്രദ്ധിച്ചില്ലെങ്കിൽ സഭയിൽ വലിയ കുഴപ്പവും ഭിന്നതയും ഉണ്ടാകുമെന്നു തീർച്ചയായപ്പോഴാണു് കാന്റർബെറി ആർച്ച്ബിഷപ്പിനും മററും ഇവരുടെ ന്യായമായ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കേണ്ടതു് അത്യാവശ്യമായി തോന്നിയതു്. ഏതെല്ലാം പരിഷ്കാരങ്ങൾ വരുത്തണമെന്ന സംഗതിയെക്കുറിച്ചു് മെത്രാന്മാരുടെ സംഘം കുറെ മാസങ്ങളായി ആലോചിച്ചുവരികയായിരുന്നു. ഒടുവിൽ സമർത്ഥനായ ഇപ്പഴത്തെ കാന്റർബെറി ആർച്ച്ബിഷപ്പിന്റെയും യോർക്കിലെ ആർച്ച്ബിഷപ്പിന്റെയും പ്രത്യേകശ്രമത്താൽ പൊതുവെ സ്വീകാര്യമായ ചില പരിഷ്കാരങ്ങൾ വരുത്തി പ്രാർത്ഥനാപുസ്തകം പാർലമെണ്ടു് അംഗീകരണത്തിനു് അയക്കയുണ്ടായി. ഈ പ്രാർത്ഥനാപുസ്തകം അംഗീകരിച്ചു കിട്ടാത്തപക്ഷം സഭയിൽ അവസാനമില്ലാത്ത കുഴപ്പങ്ങൾ ഉണ്ടാകാൻ വഴിയുണ്ടെന്നു മെത്രാന്മാർ പാർലമെണ്ടിനെ അറിയിച്ചിരിക്കുന്നു. എങ്കിലും പരിഷ്കരിച്ച പ്രാർത്ഥനാപുസ്തകത്തെ പ്രതികൂലിച്ച കക്ഷിക്കു ദൻ വോട്ടുകൾ കൂടുതൽ കിട്ടുകയാൽ, കഴിഞ്ഞ ഡിസംബർ മാസത്തിൽ അതു തള്ളപ്പെട്ടുപോകുകയാണുണ്ടായതു്.

ആംഗ്ലിക്കൻ സഭയുടെ വൈദികമേലധികാരം (അതിന്റെ ആരാധനക്രമം, പ്രാർത്ഥനാപദ്ധതിമുതലായവ തീരുമാനിക്കേണ്ട അധികാരം) സഭയ്ക്കു സ്വാധികാരികളെന്നു ഗണിക്കപ്പെട്ടുപോരുന്ന കാന്റർബെറി ആർച്ച്ബിഷപ്പിനോ മററു മെത്രാന്മാർക്കോ അല്ല, അതു് നിരീശ്വരന്മാരും, അവിശ്വാസികളും, യഹൂദന്മാരും, കത്തോലിക്കരും മററും ഉൾപ്പെട്ട പാർലമെണ്ടു സഭയ്ക്കാണെന്നു് വിശദമാകുന്നുണ്ടല്ലോ. ഇങ്ങനെയുള്ളവരുടെ അഭിപ്രായപ്രകാരമുള്ള ഒരു ആരാധനക്രമം മെത്രാന്മാർക്കു നവീകരിക്കാതെ ഗത്യന്തരമില്ല. അതിനാൽ പാർലമെണ്ടിലെ ചില പ്രധാന അംഗങ്ങൾ നിർദ്ദേശിച്ച ഭേദഗതികളെക്കുറിച്ചു് മെത്രാന്മാർ വീണ്ടും ആലോചിച്ചു് ഒന്നുകൂടി പരിഷ്കരിച്ച പ്രാർത്ഥനാപുസ്തകം പാർലമെണ്ടു സഭയിൽ വീണ്ടും ഹാജരാക്കി. എന്നാൽ രണ്ടുദിവസത്തെ ശക്തിയായ വാദപ്രതിവാദത്തിനു ശേഷം ൨൨൦ വോട്ടുകൾ അനുകൂലമായും ൨൬൬ പ്രതികൂലിച്ചും കിട്ടുകയാൽ പ്രാർത്ഥനാപുസ്തകം വീണ്ടും തള്ളപ്പെട്ടുപോകുകയാണുണ്ടായതു്.

തള്ളപ്പെട്ടുപോയ പ്രാർത്ഥനാപുസ്തകാനുകൂലികളായ മെത്രാന്മാരും വൈദികരും ജനങ്ങളും എന്തുചെയ്യുമെന്നു കണ്ടുതന്നെ അറിയേണ്ടതാണു്. ആംഗ്ലിക്കൻസഭയുടെ ഭാവി ഒരുതരത്തിലും ആശാജനകമായി കാണുന്നില്ല. പരസ്പരവിരുദ്ധങ്ങളായ ബോധനങ്ങളും വ്യത്യസ്ഥങ്ങളായ ആരാധനക്രമങ്ങളും ഇന്നു സഭയിൽ ഉപദേശിക്കപ്പെട്ടു വരുന്നുണ്ടു്. അതിനു പരിഹാരംവരുത്തുന്നതിനു് ആംഗ്ലിക്കൻസഭയിലെ ഔദ്യോഗികവൈദികസംഘത്തിനു പൊതുവെ തൃപ്തികരങ്ങളായ പരിഷ്കാരങ്ങളാണു പ്രാർത്ഥനാപുസ്തകത്തിൽ ചേർത്തിരുന്നതു്. എങ്കിലും കാന്റർബറി ആർച്ച്ബിഷപ്പോ മെത്രാന്മാരുടെയോ വൈദികരുടെയോ ജനങ്ങളുടെയോ സംഘമോ അല്ല ആംഗ്ലിക്കൻസഭയുടെ ആദ്ധ്യാത്മികപരമാദ്ധ്യക്ഷൻ എന്നും അതു് പല മതവിഭാഗങ്ങളിൽ പെട്ട പാർലിമെണ്ടു് അംഗങ്ങളിലെ ഭൂരിപക്ഷമാണെന്നും പ്രസ്പഷ്ടമായിരിക്കുന്നു.

# ദിവ്യപൂജ കാണുമ്പോൾ.

(ക. നി. മൂ. സ. അപ്രേം പട്ടക്കാരൻ)

വിശു. കുർബ്ബാന കാണുന്നതിൽ നാം വെക്കേണ്ട നിയോഗത്തേപ്പററി ഇത്തവണ അല്പം ആലോചിക്കാം. കുർബ്ബാനയുടെ ആരംഭത്തിൽ താഴെപ്പറയുന്ന പ്രകാരം നിയോഗം വെയ്ക്കുന്നതു് പ്രയോജനകരമായിരിക്കും. "എന്റെ ദൈവമേ, ഇന്നേദിവസം ലോകത്തിൽ നിനക്കു സമർപ്പിക്കപ്പെടുന്ന എല്ലാ കുർബ്ബാനകളോടുകൂടെ ഈ വിശുദ്ധ കുർബ്ബാനയും ഞങ്ങളുടെ പ്രതിപുരുഷനായി നിന്റെ മുമ്പാകെ നില്ക്കുന്ന പട്ടക്കാരന്റെ കൈകളാൽ ഞാൻ നിനക്കു സമർപ്പണം ചെയ്യുന്നു. ഈ ദിവ്യപൂജയോടുകൂടെ ഭവിഷ്യങ്ങളായ എല്ലാ കുർബ്ബാനകളെയും ലോകമൊക്കയിലും ചെയ്യപ്പെടുന്ന എല്ലാ പ്രാർത്ഥനകളെയും സൽക്കർമ്മങ്ങളെയും മാത്രമല്ല പരിശുദ്ധന്മാരുടെ സ്തുതികളെയും യോഗ്യതകളെയും ഞാൻ നിനക്കു കാഴ്ചവെക്കുന്നു. ഇവയെല്ലാം നിന്റെ നിത്യസ്തുതിയ്ക്കും ഉപകാരസ്മരണയ്ക്കുംവേണ്ടിയും, എനിക്കും സർവ്വമനുഷ്യജാതിക്കുംവേണ്ടിയും, ശുദ്ധീകരണത്തിനായി കഷ്ടപ്പാടനുഭവിക്കുന്ന ആത്മാക്കൾക്കുവേണ്ടിയും ഞാൻ സമർപ്പിക്കുന്നു. ഓ! വിശുദ്ധ മാലാഖമാരെ, പുണ്യവാന്മാരെ, പ്രത്യേകമായി ഞങ്ങളുടെ കാവൽമാലാഖമാരെ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.




വിശുദ്ധ കുർബ്ബാന ഉയർത്തുമ്പോൾ ഭക്തിപുരസ്സരം കണ്ണുകളെ പൊക്കിക്കൊണ്ടു "എന്റെ കർത്താവെ! എന്റെ ദൈവമേ!'. എന്നു ചൊല്ലുക. അനന്തരം ഇപ്രകാരം ചൊല്ലി പ്രാർത്ഥിക്കാം. "സ്വർഗ്ഗസ്ഥനായ പിതാവെ! പട്ടക്കാരന്റെ കരങ്ങളാൽ നിന്റെ പുത്രന്റെ തിരുശരീരത്തെയും ചോരയേയും അങ്ങേ ജീവിതത്തിന്റെയും കഷ്ടാനുഭവത്തിന്റെയും മരണത്തിന്റെയും സർവ്വയോഗ്യതകളെയും ഞാൻ നിനക്കു സമർപ്പിക്കുന്നു."

നാം വരപ്രസാദത്തോടുകൂടി ഇരിക്കുന്നവരാകുന്നുവെങ്കിൽ (ഉത്തമമനസ്താപംകൊണ്ടു് വരപ്രസാദം പ്രാപിച്ചാലും മതി.) സഭയൊക്കയിലും നടത്തപ്പെടുന്ന സൽകൃത്യങ്ങൾക്കെല്ലാം നാം ഓഹരിക്കാരുമാകുന്നു. നമുക്കു അവയെ നമ്മുടെ വകയായി ദൈവത്തിന്നു അർപ്പിക്കാം. പല കുർബ്ബാനകൾ ഒരേസമയത്തു സമർപ്പിക്കപ്പെടുന്നുവെങ്കിൽ അവയുടെ ആരംഭത്തിങ്കലും പ്രതിഷ്ഠയിങ്കലും മേല്പറഞ്ഞ ജപങ്ങളെ ആവർത്തിക്കണം.

എന്നാൽ വിശുദ്ധ കുർബ്ബാന രാപകൽ നിരന്തരമായി ലോകത്തിന്റെ ഓരോഭാഗത്തിങ്കൽ അനുഷ്ഠിക്കപ്പെട്ടുകൊണ്ടിരിക്കയാൽ പ്രസ്തുതകാഴ്ചജപം നാഴികതോറും ആവർത്തിച്ചു ചൊല്ലുന്നതും ഉത്തമമാകുന്നു. ആകയാൽ അതുകളെ മനപ്പാഠമാക്കിക്കൊള്ളേണ്ടതാകുന്നു. പുണ്യവാന്മാരായ ആളുകൾ ഇങ്ങനെ ചെയ്തുവരുക പതിവായിരുന്നു. ഉപദ്രവിക്കപ്പെട്ട ദൈവമഹത്വത്തെ ശാന്തപ്പെടുത്തുന്നതിനു ഈശോമിശിഹായുടെ തിരുരക്തത്തെ ഇങ്ങനെ സമർപ്പിക്കുന്നതിനേക്കാൾ ശക്തിമത്തായ മാർഗ്ഗമില്ലെന്നു് വിശുദ്ധ ദെപാസ്സി മറിയം ഉപദേശിക്കുന്നു. അവർ ഈ സമർപ്പണം ജീവിക്കുന്നവർക്കും മരിച്ചവർക്കുംവേണ്ടി ദിവസംപ്രതി അമ്പതുപ്രാവശ്യ

ത്തോളം ചെയ്യുവന്നു. ഇതിനാൽ മാനസാന്തരപ്പെട്ടവരും ശുദ്ധീകരണസ്ഥലത്തിൽനിന്നു രക്ഷിക്കപ്പെട്ടവരുമായ ആത്മാക്കളെ ദൈവം അവക്കുകാണിച്ചുകൊടുത്തിരുന്നു. പുണ്യവതി പറയുന്നതാവിതു്: എത്രയോ പാപികൾ മനസാന്തരപ്പെടാതിരിക്കുന്നതു നമ്മുടെ കുററത്താലും അജാഗ്രതയാലും ആകുന്നു.

ആകയാൽ പാപികളുടെ മനസ്സുതിരിവിന്നും ശുദ്ധീകരണ ആത്മാക്കളുടെ രക്ഷയ്ക്കുമായ വിശുദ്ധ കുർബാനയിൽ നിരന്തരമായി സന്നിഹിതനായിരിക്കുന്ന ന. ക. ഈശോമിശിഹായുടെ തിരുശരീരത്തേയും ചോരയേയും സമർപ്പിക്കുന്നതിൽ നാം സദാ ജാഗരൂകന്മാരായിരിക്കേണ്ടതാകുന്നു.

# ലോകമേ യാത്ര.

(ശ്രീമതി മേരിജോൺ, തോട്ടം.)

ജനിച്ചനാൾ തുടങ്ങിയെന്നെയോമനിച്ചു തുഷ്ടിയോ-
ടെനിക്കുവേണ്ടതൊക്കെ നൽകിയാദരിച്ച ലോകമേ!
നിനക്കുവന്ദനം! പിരിഞ്ഞുപോയിടട്ടെ ഞാനിനി-
ശ്ശനിക്കുഴപ്പമേശിടാത്ത ഭാവിയേ വരിക്കുവാൻ 1.

സ്ഫുരിച്ചിടുന്നതെന്തു നിൻമുഖത്തൊരത്ഭുതം? സഖേ!
പരസ്പരം രസക്ഷയങ്ങളൊന്നുമില്ല വാസ്തവം.
ഒരിക്കലും പിരിഞ്ഞിടാത്തമട്ടിലാണു നാം കഴി-
ഞ്ഞിരുന്നതദ്ദിനങ്ങൾ ഞാൻ മറന്നുമില്ല തെല്ലുമേ. 2.

എനിക്കു നീസുഹൃത്തുതന്നെയെങ്കിലും ഭവാനിലി-
ല്ലനശ്വരം ഗുണങ്ങളൊന്നുമെന്നറിഞ്ഞിടുന്നു ഞാൻ.
നിനക്കിലിന്നുഞാൻ പിരിഞ്ഞുപോയിടാനിതേവിധം
തുനിഞ്ഞിടുന്നതിന്റെ ഹേതുവായതൊന്നുതന്നെയാം. 3.

നശിച്ചിടാത്ത നേട്ടമൊന്നെനിക്കു നൽകിടുന്നതി-
ന്നശക്തനായ നിന്നെ ഞാൻ ഭജിച്ചിടുന്നതെന്തിനു്?
അശിച്ചുകുക്ഷിനിത്യവും നിറച്ചഹങ്കരിക്കുമാ-
പശുക്കളോടു തുല്യമോ മനുഷ്യജന്മമുത്തമം? 4.

മരിച്ചിടും ജനിച്ചമർത്യരൊക്കെയും; വിതർക്കമി-
ങ്ങൊരുത്തരും പറഞ്ഞിടാത്ത സത്യമാണതെങ്കിലും
മരിച്ചതിന്റെ പിൻപുമറ്റൊരന്തമററ ജീവിതം
വരിച്ചിടുന്നതാണു മർത്യനുള്ള മേന്മയോർക്ക നീ. 5.

ചിരിച്ചിടേണ്ട; വാസ്തവം ധരിച്ചിടാതെ ഭോഷിയെ-
ന്നരച്ചുമാഹസിച്ചിടേണ്ട സംശയിച്ചിടേണ്ട നീ.
ഒരിക്കലിപ്പറഞ്ഞ സത്യമൊക്കെ നിന്റെ ദൃഷ്ടിയിൽ
ശരിക്കുവന്നു തട്ടുമെന്നു വിശ്വസിക്ക പൂർണ്ണമായ്. 6.

പടുക്കളെന്നു പേരെടുത്ത പൃഥ്വികപ്രമാണികൾ-
ക്കൊടുക്കമെന്തുസംഭവിച്ചു? കേട്ടുകേൾവിയില്ലയോ?
പഠിച്ച വിദ്യയൊന്നുമേ ഫലപ്പെടാതെ ദേഹിയേ
വെടിഞ്ഞു പഞ്ചഭൂതമായ് പിരിഞ്ഞുപോയ് ജഡം ക്രമാൽ. 7.

സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും
സമത്വമററ സോളമൺ തുടങ്ങിയുള്ള വിജ്ഞരും
അമന്നുപോയി കാലചക്രവിഭ്രമത്തിനെങ്കിലീ
നമുക്കുപിന്നെയെന്തുശങ്ക? മാററമൊന്നുമില്ലതിൽ. 8.

ഒരിക്കലീജഗത്തെയും ജഡത്തെയും പിരിഞ്ഞു നാം
തിരിക്കണം വിസമ്മതങ്ങളൊന്നുമേ ഫലപ്പെടാ.
തിരിച്ചുപിന്നെ വന്നിടാത്തയാത്രയാണതാകയാൽ
കരത്തിലുള്ളതൊക്കെ നാമതുത്തിയിൽ ത്യജിക്കണം. 9.

ഇഹത്തിലേ ധനം സുഖം യശസ്സുമാഭിജാത്യവും
വഹിച്ചുകൊണ്ടുപോകയില്ല മർത്ത്യനന്ത്യയാത്രയിൽ
അഹന്തകൊണ്ടഴുക്കുപെട്ടിടാത്ത പുണ്യമൊന്നതാൻ
മഹത്തരം പ്രയോജനം പരത്തിലും വരുത്തിടും. 10.

അനന്തമായ ജീവിതം സുഖത്തൊടെ നയിക്കുവാൻ
ധനം കരസ്ഥമാക്കിടുന്നതിന്നു പോകയാണു ഞാൻ
മിനുങ്ങിമിന്നിടുന്ന വൃച്ഛനാണയങ്ങളൊന്നുമേ
യെനിക്കുവേണ്ടവല്ല ഞാൻ വശപ്പെടുന്നതല്ല മേൽ. 11.

സമസ്തവും ത്യജിച്ചു ഞാനിറങ്ങിടുന്നു ധീരരാം
ശമിപ്രവീരരെത്തുടർന്നു ജീവിതം നയിക്കുവാൻ
ക്ഷമിച്ചിടട്ടെ ലോകമെൻെറ സാഹസപ്രവൃത്തിയെ
ശ്രമിച്ചിടട്ടെ ഞാനിതിൽ പ്രശസ്തമാം ജയത്തിനായ്. 12.

വിളക്കു ഞാൻ തെളിച്ചുകൊണ്ടിറങ്ങിടുന്നിതാ വൃഥാ
വിളിച്ചിടേണ്ടൊരുത്തരും തിരിഞ്ഞുനോക്കുകില്ല ഞാൻ
തെളിഞ്ഞ രംഗമൊക്കെ വിട്ടകന്നു ദൂരെയെത്തി ഞാ-
നൊളിച്ചിടും സമാധിയിൽ കഴിക്കുമെൻെറ ജീവിതം. 13.

തിരഞ്ഞുഴന്നിടും ജനങ്ങൾ കണ്ടുമുട്ടുകില്ലമാം
വിരഞ്ഞുകത്തയപ്പവർക്കുമുത്തരം ലഭിച്ചിടാ.
വരും നിരാശ ഭാവിയിൽ പലർക്കുമീവിധത്തിലെ-
ന്നിരിക്കിലും കൃതഘ്നയെന്നു സംശയിച്ചിടൊല്ലമാം. 14.

കളങ്കമററുമുള്ളഴിഞ്ഞുമെന്നിലേററവും പ്രിയം
വളർത്തിടും ജനങ്ങളെപ്പിരിഞ്ഞകന്നുകൊള്ളുവാൻ
എളുപ്പമല്ലെനിക്കുമില്ല മാനുഷത്വ,മെന്നെ ഞാ-
നളന്നറിഞ്ഞിടുന്ന മാത്രതന്നെയാണിതോർക്കുകിൽ. 15.

പ്രപഞ്ചമെന്ന മാന്ത്രികൻെറ രംഗമാം വടത്തെയി-
യപക്വബുദ്ധിയായ ഞാനറുത്തിടുന്നതെങ്ങനെ?
തപസ്വികൾക്കുമീയവസ്ഥ ദുസ്സഹം; നിനക്കുകിൽ
തപിക്കയല്ല മാനസം ദഹിക്കയാണു സത്യമായ്. 16.

പറഞ്ഞിടുന്നു യാത്ര ഞാൻ; ശ്രവിക്കു മിത്രലോകമേ!
യിറങ്ങിടുന്നു നിങ്ങളെപ്പിരിഞ്ഞുപോയിടുന്നിതാ.
കുറച്ചുകാലമീവിധം കഴിഞ്ഞിടട്ടെ; മേലിലേ-
ക്കുറപ്പു ഞാൻ തരുന്നു ചേർന്നിടാം നമുക്കു നിത്യമായ്. 17.

അരിക്കകത്തു കൈവിരൽ പിടിച്ചുവച്ചൊരക്ഷരം
വരച്ചനാൾ തുടങ്ങിയെന്റെ മേൽഗതിക്കു വാഞ്ഛയാ
പരിശ്രമിച്ച പൂജ്യപാദരായൊരെൻ ഗുരുക്കളെ–
പ്പുരം വിനീതയായി ഞാൻ നമസ്കരിച്ചിടുന്നിതാ. 18.

പഠിപ്പിലൊട്ടു മത്സരിച്ചുമൊത്തുചേർന്നു കേളികൾ
നടത്തിയും ഗുരുക്കളെപ്പുരം കൃതാർത്ഥരാക്കിയും
ഉടപ്പിറന്നവർക്കു തുല്യമൈത്രയും പ്രിയത്തിലും
നടന്നൊരെൻ സതീർത്ഥ്യരേ! പിരിഞ്ഞിടുന്നു ഞാനിതാ! 19.

അമന്ദമായ വത്സലത്വമോടുമെന്റെ വേനയേ
സമാദരിച്ചനുഗ്രഹിച്ച സല്കവീന്ദ്രസംഘമേ!
നമിച്ചിടുന്നു നിങ്ങളേയുമെന്റെ കൊച്ചുതുലിക–
ക്കുമംഗളം ഭവിച്ചിടാത്ത ഭാവിയേ നിനച്ചു ഞാൻ. 20.

മനസ്സിലീർഷ്യയെന്നിയേ സഹോദരത്വമോടുമാ–
ജ്ജനിത്രിയായ കൈരളീവധൂടിതൻ പദങ്ങളിൽ
കളിച്ചുവാണിരുന്നൊരെന്റെ കൂട്ടരേയുമാകവേ
വിളിച്ചു കൈപിടിച്ചു യാത്ര ചൊല്ലിടുന്നു ഞാനിതാ! 21.

പിഴച്ചിടാത്ത ഭക്തിയെന്നിലുള്ള ശിഷ്യലോകമേ!
പൊഴിച്ചിടായ്ക കണ്ണുനീർക്കണങ്ങൾ നിങ്ങളീവിധം
ഒഴിച്ചുവയ്ക്കുവാൻ നിവൃത്തിയുള്ളകാര്യമല്ലിനി–
ക്കുഴപ്പമൊക്കെ നിഷ്ഫലം; പറഞ്ഞിടുന്നു യാത്ര ഞാൻ. 22.

# ജന്മോദ്ദേശം.

(റവ. ജോൺ കിഴക്കേതൈയിൽ എസ്. ജെ.)

ലോകത്തിന്റെ നാനാഭാഗങ്ങൾ സന്ദർശിക്കുന്ന ഒരു സഞ്ചാരി ഇന്നു കാണുന്നതെന്തെല്ലാമാകുന്നു? നിരന്തരപരിശ്രമിയായ കൃഷിക്കാരൻ കൃഷിമൂലം ധാരാളം ധനം സമ്പാദിക്കുന്നതിനും, കച്ചവടക്കാരൻ നാനാതരം വ്യവസായങ്ങൾ വഴി അധിക ലാഭം നേടുന്നതിനും തങ്ങളുടെ സമയം മുഴുവനും ചിലവഴിക്കുന്നതു് ആ വഴിപോക്കൻ കാണുന്നുണ്ടു്. അല്പവിദ്യാഭ്യാസമുള്ള അനേകം അനല്പഡംഭന്മാർ തങ്ങളുടെ സ്വല്പജ്ഞാനത്തെ ലോകത്തിനു വെളിപ്പെടുത്തുവാനോ എന്നു തോന്നുമാറു, മോടിയായി വസ്ത്രം ധരിച്ചു, വാസനദ്രവ്യങ്ങൾ ശരീരത്തിൽ പൂശി 'തെരുവീഥികളിൽക്കൂടി നായ്ക്കളെപ്പോലെ ചുററിനടക്കുന്നതും നമ്മുടെ സഞ്ചാരിക്കു ദൃശ്യമാകുന്നു. അലങ്കാരപ്രിയന്മാരായ സുന്ദരവിഡ്ഢികൾ ആഡംബരങ്ങളിൽ ആസക്തിയുള്ളവരായും, ഭോജനപ്രിയന്മാരായ ഉദരംഭരികൾ ഭക്ഷണവിഷയത്തിൽ അത്യാശയുള്ളവരായും ജീവിക്കുന്നതത്രെ ആ വഴിയാത്രക്കാരൻ കണ്ടു ലജ്ജിക്കുന്നതു്. സമ്പന്നന്മാരോ എന്നാൽ തങ്ങളുടെ ധനവർദ്ധനവിൽ കണ്ണും കരുത്തുമായി വേലചെയ്യുന്നതും അയാൾ കാണാതിരിക്കുന്നില്ല. ഇതിനിടയിൽ അധർമ്മമായ വിജയം നേ

ട്ടുവാൻ പാവപ്പെട്ട ജനങ്ങളെ ദയയില്ലാതെ പീഡിപ്പിക്കുന്ന ചില ലോകശക്തികളുടെയും നമ്മുടെ സഞ്ചാരി കണ്ടു കണ്ണുനീർ ചൊരിവാനിടയാകാതിരിക്കയില്ല' ഇവരെല്ലാം, ഓ! കഷ്ടമെ! തങ്ങളുടെ ആത്മാവിനെക്കുറിച്ചോ, തങ്ങളെ സൃഷ്ടിച്ച ദൈവത്തെക്കുറിച്ചോ, തങ്ങളുടെ ജീവിതോദ്ദേശ്യത്തെക്കുറിച്ചോ ഒരു നിമിഷമെങ്കിലും വിചാരിക്കുന്നുണ്ടോ?

ലോകത്തിനും ശരീരത്തിനും മാത്രമായി നാം സൃഷ്ടിക്കപ്പെട്ടവരല്ല. നമ്മുടെ ജീവിതോദ്ദേശ്യം ഇതുകൾക്കെല്ലാം മേലായതത്രെ. ദിവസം മുഴുവൻ തിരഞ്ഞുനടന്നു നെന്മണികൾ ശേഖരിക്കുന്ന എറുമ്പുകളെപ്പോലെയോ, പൂക്കൾതോറും പറന്നുചെന്നു തേൻ സംഭരിക്കുന്ന തേനീച്ചകളെപ്പോലെയോ, ഈ ലോകസുഖങ്ങളേയും, സമ്പത്തുകളേയും മാത്രം തേടി ജീവിക്കുന്നതിനായിട്ടല്ല ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നതു്. എന്നാൽ നമ്മെ ദൈവം ഈ ഭൂമിയിൽ വച്ചിരിക്കുന്നതിന്റെ പരമോദ്ദേശ്യമെന്താകുന്നു? ക്രിസ്തീയ പഠനത്തിന്റെ ആദ്യഭാഗങ്ങൾ മാത്രം പഠിച്ചിട്ടുള്ള ഏതൊരു കുട്ടിയ്ക്കും ഇതിനു തക്ക മറുപടി പറയുവാൻ കഴിയും. സർവ്വേശ്വരനെ അറിഞ്ഞു സ്നേഹിച്ചു അങ്ങേയ്ക്കു ഊഴിയം ചെയ്യുവാനത്രെ ദൈവം നമ്മെ സൃഷ്ടിച്ചതു്. നമ്മുടെ ജീവിതോദ്ദേശ്യമിതാണെങ്കിലും എത്രയോ കുറച്ചുപേർ മാത്രം ഇതു ശരിയായി മനസ്സിലാക്കി അതിനനുസരിച്ചു ജീവിച്ചുവരുന്നു!

ആദ്യംതന്നെ സർവ്വേശ്വരനെ ശരിയായി നാം അറിയേണ്ടതു നമ്മുടെ കടമയത്രെ. അങ്ങുന്നു നമ്മുടെ പിതാവും, പരിപാലകനും, രക്ഷകനുമാകുന്നു. ഒരു വാക്കായിപ്പറഞ്ഞാൽ വി. യോഹന്നാൻ അരുളിചെയ്തതുപോലെ "ദൈവം സ്നേഹമത്രെ." അങ്ങുന്നു അനാദിമുതൽ നമ്മെ സ്നേഹിച്ചു നിശ്ചിതസമയം വന്നപ്പോൾ നമ്മെ ഈ ലോകത്തിൽ സൃഷ്ടിച്ചതുകൊണ്ടു മാത്രം അങ്ങുന്നു തൃപ്തിപ്പെട്ടോ; ഇല്ല. ഈ ലോകത്തിൽ നമ്മെ സൂക്ഷിച്ചു വളർത്തുന്നതിനായി മാതാപിതാക്കന്മാരേയും, നമ്മുടെ പലപല ആവശ്യങ്ങൾക്കായി നാനാതരവസ്തുക്കളേയും അങ്ങുന്നു പ്രദാനം ചെയ്തു. ഇതുകൊണ്ടും അങ്ങുന്നു തൃപ്തനായില്ല. ഭൂമിയിലെ സുഖങ്ങളെല്ലാം ക്രമമനുസരിച്ചു നാം അനുഭവിച്ചതിന്റെ ശേഷം, എന്നന്നേയ്ക്കും നിത്യഭാഗ്യം അനുഭവിക്കുന്നതിനായി, നമുക്കോരോരുത്തർക്കും അങ്ങേ ഛായയിൽ സൃഷ്ടിക്കപ്പെട്ട ഓരോ ആത്മാവിനേയും തന്നു.

ദൈവം നമ്മെ സൃഷ്ടിച്ചതുപോലെ തന്നെ, ജനനം മുതൽ മരണം വരെ നമ്മെ കാത്തുപരിപാലിക്കുകയും ചെയ്യുന്നു. ദിവസത്തിന്റെ ഓരോ നിമിഷത്തിലുമുണ്ടാകാവുന്ന എത്രയോ അപകടങ്ങളിൽ നിന്നാണു അങ്ങുന്നു നമ്മെ രക്ഷിക്കുന്നതു്? പാപങ്ങളിൽ നിന്നുളവാകുന്ന അനേക നാശങ്ങളിൽ നിന്നും, പ്രകൃതിശക്തികളിൽനിന്നുൽഭൂതമാകുന്ന നിരവധി അപകടങ്ങളിൽ നിന്നും അങ്ങുന്നു നമ്മെ അകററുന്നില്ലേ? നമ്മുടെ കണ്ണുകൾക്കു കാഴ്ചയും, ചെവികൾക്കു കേൾവിയും, നാവുകൾക്കു സംസാരശക്തിയും, ഓരോരോ അവയവങ്ങൾക്കു അതാതിന്നടുത്ത പ്രവൃത്തിശക്തിയും നൽകി നമ്മെ ഇന്നും എന്നും കാത്തുപരിപാലിക്കുന്നതു് അങ്ങുന്നല്ലെങ്കിൽ മററാരാണ്?

സർവ്വശക്തനായ സർവ്വേശ്വരൻ നമ്മെ സൃഷ്ടിച്ചു കാത്തുപരിപാലിക്കുന്നതിനും പുറമെ, തന്റെ പരമസ്നേഹത്തിന്റെ അടയാളമായി, സ്വന്ത തിരുക്കുമാരന്റെ തിരുരക്തത്താൽ നമ്മെ വീണ്ടുരക്ഷിക്കുകയും ചെയ്തു. ശിക്ഷപെട്ട മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം തന്റെ ഏകസുതനെ ബലികഴിച്ചതു നാം ഓർക്കുമ്പോൾ എത്രയോ അധികമായി നാം അങ്ങേ സ്നേഹത്തെ മതിക്കേണ്ടിയിരിക്കുന്നു? ആ! സർവ്വേശ്വരൻ സ്നേഹമാകുന്നു. അങ്ങുന്നു നമ്മെ വീണ്ടുരക്ഷിച്ചില്ലായിരുന്നെങ്കിലും അങ്ങേ മഹത്വത്തിനു കുറവു വരുകയില്ലായിരുന്നു.

ഇപ്രകാരം സർവ്വേശ്വരന്റെ ഓരോ ഗുണങ്ങളെക്കുറിച്ചും, അങ്ങുന്നു നമുക്കു ചെയ്തിട്ടുള്ളതും, ചെയ്യുന്നതും, ചെയ്യുവാനിരിക്കുന്നതുമായ ഓരോ ന

ന്മകളെക്കുറിച്ചും, അങ്ങേ പരമ സ്നേഹത്തെപ്പററിയും നാം വിവരിക്കുവാൻ പോകുന്നുവെങ്കിൽ അതിനൊരവസാനമില്ല. എന്തെന്നാൽ സർവ്വേശ്വരന്റെ മഹത്വവും, ഗുണങ്ങളും അനന്തമായവയത്രെ. അവ മനുഷ്യബുദ്ധിയാൽ കണ്ടുപിടിക്കുവാൻ അസാദ്ധ്യമാകുന്നു.

മുൻവിവരിച്ചതിൽനിന്നു സർവ്വേശ്വരൻ ആരാണെന്നും, അങ്ങുന്നും നമ്മളുമായുള്ള ബന്ധമെന്താണെന്നും, ഏതാണ്ടൊന്നു മനസ്സിലായിരിക്കുമല്ലോ. ഇത്രമാത്രം നാം ഗ്രഹിച്ചുകഴിഞ്ഞാൽ ഇനിയും അങ്ങേ സ്നേഹിക്കാതിരിക്കാൻ നമ്മാൽ കഴിയുമോ? ഒരാൾ മറെറാരുവൻ തനിക്കു ചെയ്ത ഉപകാരങ്ങളെ ഓർക്കുമ്പോൾ അവനെ സ്നേഹിക്കുക സഹജമല്ലയോ? ബുദ്ധിശക്തിയില്ലാത്ത മൃഗങ്ങളിൽപോലും ഈ പ്രതിസ്നേഹം നാം കാണുന്നില്ലേ? സ്വല്പ ഭക്ഷണം മാത്രം കൊടുത്തു വളർത്തുന്ന എത്ര നായ്ക്കൾപോലും തങ്ങളുടെ യജമാനന്മാരോടുള്ള സ്നേഹം കാണിക്കുന്നു? അപ്പോൾ സർവ്വേശ്വരൻ നമുക്കു ചെയ്തതും, ചെയ്യുന്നതും, ചെയ്യുവാനിരിക്കുന്നതുമായ അനന്തകോടിനന്മകൾ നാം ഓർക്കുമ്പോഴും, അങ്ങേ അളവില്ലാത്ത സ്നേഹം നാം വിചാരിക്കുമ്പോഴും, അങ്ങേ നമ്മുടെ ഹൃദയം മുഴുവനോടെ സ്നേഹിക്കേണ്ടതു നമ്മുടെ കടമയല്ലയോ?

ഈ സ്നേഹം നമ്മിൽ ഉളവായാൽ അതു നിശ്ചയമായും പ്രവൃത്തിയിൽ വരണം. എന്തെന്നാൽ അന്യോന്യം സ്നേഹിക്കുന്നവർ തങ്ങളുടെ സ്നേഹം പ്രവൃത്തിമൂലം കാണിക്കുന്നു. മാതാപിതാക്കന്മാരെ നിർവ്യാജം സ്നേഹിക്കുന്ന കുട്ടികൾ, അവരെ അനുസരിച്ചു ജീവിക്കുന്നതും, അവർക്കു ശുശ്രൂഷ ചെയ്യുന്നതും, അവർക്കുവേണ്ടി തങ്ങളുടെ ജീവനെപ്പോലും ബലികഴിക്കുവാൻ തയാറായിരിക്കുന്നതും നാം സാധാരണ കണ്ടുവരുന്ന സംഗതിയത്രെ. വസ്ത്രവും ഭക്ഷണവും മാത്രം കൊടുത്തു വളർത്തിയ, യജമാനന്മാർക്കുപോലും, ഭൃത്യന്മാർ തങ്ങളുടെ ജീവനെ ബലികഴിച്ചിട്ടുള്ള സംഭവങ്ങൾ ചരിത്രങ്ങളിൽ നാം വായിച്ചിട്ടുണ്ട്.

ഇപ്രകാരം ചെറിയ ചെറിയ ഉപകാരങ്ങളെ ചെയ്യുന്നവരെപ്പോലും മനുഷ്യർ അന്യോന്യം സ്നേഹിച്ചു, അവർക്കുവേണ്ടി എന്തും ചെയ്യുവാൻ തയാറായിരിക്കുന്നുവെങ്കിൽ, കണക്കില്ലാത്ത ഉപകാരങ്ങൾ ചെയ്തു നമ്മെ സഹായിക്കുകയും, കാത്തുപരിപാലിക്കുകയും, അറുതിയില്ലാത്ത പക്ഷത്തോടെ നമ്മെ സ്നേഹിക്കുകയും, തന്റെ ഏകതിരുക്കുമാരന്റെ തിരുരക്തത്താൽ നമ്മെ വീണ്ടുരക്ഷിക്കുകയും ചെയ്ത നമ്മുടെ സ്രഷ്ടാവായ സർവ്വേശ്വരനെ നാം എത്രമാത്രം സ്നേഹിക്കുകയും ശുശ്രൂഷ ചെയ്യുകയും വേണം! ഈ പരമരഹസ്യം നാം ഒരിക്കൽ മനസ്സിലാക്കി, ലോകസുഖങ്ങളേയും അതിന്റെ ആഡംബരങ്ങളേയും അധികമായി സ്നേഹിക്കാതെ സർവ്വേശ്വരനെ അറിഞ്ഞു സ്നേഹിച്ചു അങ്ങേയ്ക്കു ശുശ്രൂഷ ചെയ്യുന്നുവെങ്കിൽ നമ്മുടെ ജന്മോദ്ദേശ്യം സഫലമായി.

# അതിനുള്ള കാരണം.

പതിനാറാം ശതാബ്ദത്തിൽ സ്പെയിൻ രാജ്യത്തു ആവിലായിലെ കർമ്മലീത്താ കന്യകാമഠത്തിൽ ജീവിച്ചിരുന്ന വി. അമ്മത്രേസ്യ പുണ്യവതി പുണ്യംകൊണ്ടും ശാസ്ത്രംകൊണ്ടും ലോകത്തിനു ഒരു അത്ഭുത വിഷയമായിരുന്നു. തിരുസഭയ്ക്കുവേണ്ടി അനേക വലിയ കാര്യങ്ങൾ അബലയായ ഈ കന്യക വഴിയായി ദൈവം നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ പുണ്യവതിയ്ക്കു രോഗബാധയൊഴിഞ്ഞിട്ടുള്ള നേരം അധികം ഉണ്ടായിക്കാണ്മാൻ ഇടയായിട്ടില്ല. ഏക

ദേശം നാല്പതു വർഷത്തേക്കു ഒരു കഠിനരോഗം ഇടവിടാതെയെന്നതുപോലെ ഈ പുണ്യവതിയെ പീഡിപ്പിച്ചിരുന്നു. എങ്കിലും ഈ വേദനകളുടെയും വിമ്മിഷ്ടങ്ങളുടെയും ഇടയിലെല്ലാം അസാധാരണ സന്തുഷ്ടിയും സമാധാനവും പ്രദർശിപ്പിച്ചിരുന്നതു എങ്ങിനെയെന്നു പലക്കും മനസ്സിലായിരുന്നില്ല. പതിവിലധികം വേദനയനുഭവിച്ചിരുന്ന ഒരു ദിവസം വി. അമ്മത്രേസ്യാസാമാന്യത്തിൽ കവിഞ്ഞ മുഖത്തെളിവോടെ ഇരിക്കുന്നതുകണ്ട് മഠത്തിലെ ഒരു സഹോദരി അതിനുള്ള കാരണമെന്താണെന്നു പുണ്യവതിയോടു ചോദിച്ചു. അതിനു ഭാഗ്യപ്പെട്ടവൾ ഇപ്രകാരമാണു അറിയിച്ചതു "പ്രിയ സഹോദരീ! അതിനുള്ള കാരണം മറെറാന്നുമല്ല. ഈ ലോകത്തിൽ ഞാൻ എത്രയധികം പാടുപെടുമൊ സ്വർഗ്ഗത്തിൽ അതിനൊപ്പിച്ചു എനിക്കു കൂടുതൽ സമ്മാനം കിട്ടുമെന്നു എനിക്കറിയാം. ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങിക്കൊണ്ടു വേദനയനുഭവിക്കുന്ന ഓരോ നിമിഷവും അറുതിയില്ലാത്ത വിലയുള്ളതാണ്. മോക്ഷത്തിൽ അനന്തഭാഗ്യമാണു അതിനാൽ പ്രാപിക്കുന്നതു്."

"പാടുപെടുക അല്ലെങ്കിൽ മരിക്ക" എന്നായിരുന്നല്ലൊ ഈ പുണ്യവതിയുടെ മുദ്രാവാചകം.

# ദൈവമാതാവും യാക്കോബായ വിശ്വാസവും

## IV.

(റവ. ഫാദർ പ്ലാസിഡ് സി. ഡി.)

"ആത്മാവും ശരീരവും കൂടിച്ചേരുമ്പോൾ ഒരു മനുഷ്യസ്വഭാവമുണ്ടാകുന്നതുപോലെയാണ് മിശിഹായിൽ സംഭവിച്ചതു്. നമ്മുടെ അമ്മമാർ ആത്മാവിന്റെ അമ്മമാരല്ലെങ്കിലും നമ്മുടെ അമ്മമാരാണല്ലോ. അതുപോലെ മറിയവും ദൈവമാതാവാണ്" എന്നിങ്ങനെ യാക്കോബായക്കാരിൽ ചിലർ പറയുമായിരിക്കും. തത്വശാസ്ത്രവും, ന്യായശാസ്ത്രവും, പ്രകൃതിശാസ്ത്രവും പഠിക്കാത്തവരാണ് ഇങ്ങനെ വാദിക്കുന്നതെന്ന് ആദ്യമായി പറഞ്ഞുകൊള്ളുന്നു. കൂടിച്ചേരുന്നതിനുമുമ്പ് ആത്മാവിനോ ശരീരത്തിനൊ പൂർണ്ണമനുഷ്യസ്വഭാവമില്ല. ശരീരം തനിച്ചെടുത്താൽ അതു് മനുഷ്യനല്ലാത്തതുപോലെ ആത്മാവു തനിച്ചെടുത്താലും അതു മനുഷ്യനല്ല. രണ്ടിനും അപൂർണ്ണസ്വഭാവമാണുള്ളതു്. പൂർണ്ണമനുഷ്യസ്വഭാവമുണ്ടാകുവാൻ അപൂർണ്ണങ്ങളായ അവ രണ്ടും സംയോജിക്കേണ്ടിയിരിക്കുന്നു. ഇതുമല്ല, യോജിപ്പിനുമുമ്പ് ഒന്നു മറ്റതിനെ ആശ്രയിച്ചും നില്ക്കുന്നു. എന്നാൽ മനുഷ്യാവതാരത്തിനുമുമ്പും പുത്രൻതമ്പുരാൻ (പൂർണ്ണ) ദൈവമായിരുന്നതിനാൽ അങ്ങേക്കു പൂർണ്ണദൈവസ്വഭാവമുണ്ടായിരുന്നു. ദൈവസ്വഭാവത്തിനാകട്ടെ പരാശ്രയം യാതൊരുവിധത്തിലും ഉണ്ടായിക്കൂടാത്തതാണ്. പുത്രൻതമ്പുരാൻ സ്വീകരിച്ച മനുഷ്യസ്വഭാവവും പൂർണ്ണമായ ഒരു സ്വഭാവമായിരുന്നു. എന്തുകൊണ്ടെന്നാൽ മിശിഹാക്ക് ആത്മാവും ശരീരവും ഉണ്ട്. പരിപൂർണ്ണങ്ങളായ രണ്ടു സ്വഭാവങ്ങൾ കൂടിച്ചേരുകയാണ് മനുഷ്യാവതാരത്തിൽ നടന്നിട്ടുള്ളതു്. ആകയാൽ ആത്മശരീരങ്ങളുടെ ഉദാഹരണം അസ്ഥാനത്തുതന്നെ. ആത്മാവും ശരീരവും മ

നുഷ്യസ്വഭാവത്തിന്റെ അപൂൎണ്ണഭാഗങ്ങളാണല്ലോ. മിശിഹായ്ക്കാകട്ടെ ആത്മാവും ശരീരവും ദൈവസ്വഭാവവും ഉണ്ട്. ദൈവസ്വഭാവം പൂൎണ്ണസ്വഭാവമായിരിക്കുന്നതുപോലെ ആത്മാവും ശരീരവും കൂടി വേറൊരു പൂൎണ്ണസ്വഭാവമായിരിക്കുന്നു. ഈ രണ്ടു പൂൎണ്ണസ്വഭാവങ്ങൾ തമ്മിൽച്ചേൎന്ന് ഒരു സ്വഭാവമായെങ്കിൽ രണ്ടും അവയുടെ പൂൎണ്ണത നഷ്ടപ്പെട്ടതായിരിക്കണം. ഏതെങ്കിലും രണ്ടു വസ്തുക്കൾ കൂടിച്ചേൎന്ന് ഒരു വസ്തു ആകുമ്പോൾ, ആ വസ്തു ഒരു നവീനവസ്തു ആയിരിക്കും എന്നതു ന്യായം പറഞ്ഞു തെളയിച്ചിട്ടാവശ്യമില്ലല്ലോ. കൂടിച്ചേരുന്ന വസ്തുക്കൾ രണ്ടും കൂടിച്ചേൎന്ന ശേഷവും ഭേദംകൂടാതെ നില്ക്കുന്നെങ്കിൽ, അങ്ങിനെയുള്ള കൂടിച്ചേൎച്ച അവയെ ഒന്നാക്കുന്നില്ല. അവ രണ്ടും ഒന്നാകുന്നെങ്കിൽ, ഒന്നായ ആ വസ്തുവിൽ, മുമ്പുണ്ടായിരുന്ന രണ്ടു വസ്തുക്കളുടെയും ഗുണങ്ങൾ ഭേദംകൂടാതെ നില്ക്കുവാൻ തരമില്ല. ആ രണ്ടു വസ്തുക്കളുടെയും ഗുണങ്ങൾ നഷ്ടീഭവിക്കുകയും തദ്വാരാ പുതിയ ഗുണമുള്ള മൂന്നാമതൊരുവസ്തു ഉത്ഭവിക്കുകയുമാണ് ചെയ്യുന്നതു്. ദൈവമനുഷ്യസ്വഭാവങ്ങൾ തമ്മിൽ ചേൎന്ന് ഒരു സ്വഭാവമായെങ്കിൽ (ക്യോനോ) മിശിഹാ ദൈവമോ മനുഷ്യനോ അല്ലെന്നു സിദ്ധിക്കുന്നു. ആത്മശരീരങ്ങളുടെ ഉദാഹരണത്തിലേക്കു കടന്നാൽ ദൈവമനുഷ്യസ്വഭാവങ്ങൾ അവതാരത്തിനു മുമ്പ് അപൂൎണ്ണങ്ങളായിരുന്നെന്നു സമ്മതിക്കണം. അപൂൎണ്ണസ്വഭാവം ദൈവസ്വഭാവമാകുവാൻ പാടില്ലാത്തതിനാൽ അവതാരത്തിനു മുമ്പു ദൈവമില്ലായിരുന്നെന്നു സിദ്ധിക്കുന്നു. ദൈവസ്വഭാവം പൂൎണ്ണസ്വഭാവമാണെന്നു സമ്മതിക്കയും എന്നാൽ "രണ്ടുംകൂടി ഒരു സ്വഭാവമായി" എന്നു പറകയും ചെയ്താൽ ദൈവസ്വഭാവം ഇല്ലാതായെന്നുവരും! ദൈവമില്ലെന്നാകും!!

ഇത്രയും പറഞ്ഞതിൽനിന്ന് ഏകസ്വഭാവവാദം സ്വീകരിച്ചുകൊണ്ടു് മറിയത്തെ ദൈവമാതാവാക്കുക അസാദ്ധ്യമാണെന്നു് വിശദമാകുന്നില്ലയേ? ഏകസ്വഭാവവിശ്വാസം ഏതുവിധം വ്യാഖ്യാനിച്ചാലും മറിയം ദൈവമാതാവാകുകയില്ല. മിശിഹാ ദൈവമല്ലെന്നോ, പീഡസഹിച്ചു മരിച്ചില്ലെന്നോ, ദൈവമില്ലെന്നോ, ഇല്ലാതായെന്നോ ഒക്കെ ഏക സ്വഭാവവാദത്തിൽ അന്തൎഭവിച്ചിരിക്കുന്നതിനാൽ മനുഷ്യാവതാരത്തെപ്പററിയുള്ള ശരിയായ വിശ്വാസം എന്തെന്നുകൂടി ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. "മിശിഹായിൽ ഒരാൾ (ക്നൂമ്മോ) മാത്രമെയുള്ളു. ആ ആൾ ദൈവ ആളാണ്. എന്നാൽ അങ്ങേക്ക് ദൈവസ്വഭാവം മനുഷ്യസ്വഭാവം എന്ന രണ്ടു സ്വഭാവങ്ങളുണ്ടു്. (ക്യോനോ). ദൈവ ആളു മനുഷ്യസ്വഭാവത്തിൽ പ്രസവിക്കുകയാൽ മറിയം ദൈവമാതാവായി. മിശിഹാ പീഡസഹിച്ചു മരിച്ചതു മനുഷ്യസ്വഭാവത്തിലാണ്." പുരാതന മലങ്കരസഭയുടെ വിശ്വാസം ഇതുതന്നെയായിരുന്നു. കൂനൻ കുരിശുസത്യത്തിനും ഉദയമ്പേരൂർ സൂനഹദോസിനും വളരെ മുമ്പ്, എന്നുവച്ചാൽ പറങ്കികൾ കേരളത്തിൽ വരുന്നതിനു വളരെമുമ്പ് മലങ്കരസഭയുടെ ഉപയോഗത്തിലിരുന്ന കാനോനിക ജപത്തിലെ ഒരു ഭാഗമാണ് താഴെ ഉദ്ധരിക്കുന്നതു്.

(1) "രണ്ടു സ്വഭാവങ്ങളിൽ എല്ലാവരാലും ആരാധിക്കപ്പെടുന്ന മിശിഹാ ഏകനാകുന്നു. (2) ദൈവത്വത്തിൽ അവിടുന്ന്, സമയത്തിൻ മേലായി ആരംഭംകൂടാതെ പിതാവിൽനിന്നു ജനിച്ചിരിക്കുന്നു. (3) മനുഷ്യത്വത്തിൽ, മനുഷ്യൎക്കുവേണ്ടി അവിടുന്നു, സമയപൂൎണ്ണതയിൽ മറിയത്തിൽനിന്നു ജനിച്ചിരിക്കുന്നു. (4) ദൈവസ്വഭാവം മാതാവിന്റെ സ്വഭാവത്തിൽ നിന്നല്ല. മനുഷ്യസ്വഭാവം പിതാവിന്റെ സ്വഭാവത്തിൽ നിന്നുമല്ല. (5) പിതാവിനു തുല്യനായ വചനമെന്ന ആളിൽ രണ്ടു സ്വഭാവങ്ങളും അവയുടെ ഗുണങ്ങളിൽ സ്ഥിതിചെയ്യുന്നു. (6) ദൈവത്വം മൂന്നാളുകളുള്ള ഒരു സത്വമായിരിക്കുന്നതു് എപ്രകാരമോ (7) അപ്രകാരം രണ്ടു സ്വഭാവങ്ങൾ വചനമെന്ന

ആളിൽ ആയിരിക്കുന്നു. അഹോ വിസ്മയം!"

ഇവയിൽ 3, 5, 7 അക്കങ്ങൾ താഴെ കൊട്ടത്തിരിക്കുന്ന വ്യത്യാസങ്ങളോടുകൂടിയാണ് പഴയ പ്രതികളിൽ കാണുന്നത്.

(3) മനുഷ്യത്വത്തിൽ അവിടുന്ന് സമയപൂർണ്ണതയിൽ മറിയത്തിൽനിന്നു സംയുക്തമായ ശരീരത്തിൽ ജനിച്ചു. (5) ഏക പുത്രത്വത്തിൻെറ ഒരേ ഒരു ആളിൽ രണ്ടു സ്വഭാവങ്ങളും അവയുടെ ഗുണങ്ങളിൽ സ്ഥിതിചെയ്യുന്നു. (7) അപ്രകാരം തന്നെ രണ്ടു സ്വഭാവങ്ങളിലും ഒരു ആളിലും പുത്രൻെറ പുത്രത്വം ആയിരിക്കുന്നു.

രണ്ടിലും "ഒരാൾ; രണ്ടു സ്വഭാവങ്ങൾ" "മിശിഹാ മനുഷ്യസ്വഭാവത്തിൽ മറിയത്തിൽനിന്നു ജനിച്ചു" എന്ന സത്യങ്ങൾ വ്യക്തമായി കാണുന്നുണ്ട്. മിശിഹാ ദൈവത്തിൻെറ ദത്തുപുത്രനല്ല സ്വാഭാവിക പുത്രനാണ് എന്നുള്ള കത്തോലിക്കാ പഠനത്തോട് പഴയ പ്രതികൾ എത്ര ഭംഗിയായി യോജിക്കുന്നു എന്നു കണ്ടാലും. സ്വഭാവത്തിനല്ല ആളിനാണ് പുത്രത്വം കല്പിക്കേണ്ടതെന്നും അവയിൽ കാണുന്നു. ആളിന് 'ക്നൂമ്മേ' എന്നും സ്വഭാവത്തിനു 'ക്യാനോ' എന്നുമാണ് രണ്ടിലും കാണുന്നത്. ഈ രത്ഥമുള്ള പർസ്സൂപ്പോ ഒരിടത്തും ഉപയോഗിച്ചിട്ടില്ല.

യാക്കോബായക്കാർ സസന്തോഷം സ്വീകരിക്കുന്ന അപ്പേസ്സൂസു സൂനഹദോസിൻെറ പഠനം ഇതിൽനിന്നു ഒട്ടും വ്യത്യസ്തമല്ല. അപ്പേസ്സൂസിലെ പഠനപ്രകാരം മിശിഹായിൽ ഒരാൾ മാത്രമേയുള്ളു എന്നും അത് ദൈവ ആൾ ആണെന്നും പ. ക. മറിയം ദൈവമാതാവാണെന്നും യാക്കോബായക്കാർ വിശ്വസിക്കുന്നു. ദൈവ ആളിന് ദൈവസ്വഭാവം അവശ്യം ഉണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ വിശേഷബുദ്ധിയുള്ള (Ratinal) ഒരു പൂർണ്ണസ്വഭാവം (Nature) പലതിലല്ലാതെ തനിച്ച് സഹജമായ ആസ്തിക്യത്തിൽ (Existaence proper) മറ്റൊന്നിൻെറ ഭാഗമാകാതെ (not assumed or existing with aonther i.c. existing distinctly) സ്ഥിതിചെയ്യുമ്പോൾ (subsist) ആളുണ്ടാകുന്നു (Rationalis naturae individua substantia.) അകയാൽ ആളുള്ളടത്ത് സ്വഭാവം ഉണ്ടാകണം. എന്നാൽ സ്വഭാവമുള്ളടത്ത് ആള വേണമെന്നില്ല. എന്തുകൊണ്ടെന്നാൽ സഹജമല്ലാത്ത ആസ്തിക്യത്തിലോ, തനിച്ചല്ലാതെ പലതിലൊ (Communicated) വേറൊന്നിൻെറ ഭാഗമായോ സ്വഭാവം സ്ഥിതിചെയ്തെന്നു വരാം.

മിശിഹായിലുള്ള ഏക ആൾ ദൈവ ആൾ ആണെന്ന് പഠിപ്പിക്കുകയിൽ ആണ്ടെയിൽ ദൈവസ്വഭാവമുണ്ടെന്ന് അതാലെതന്നെ അപ്പേസ്സൂസു സൂനഹദോസു പഠിപ്പിക്കുന്നു. എന്നാൽ മിശിഹായിൽ ഒരു സ്വഭാവം മാത്രമേയുള്ളു എന്നോ അതു ദൈവസ്വഭാവമാണെന്നോ ഒന്നും സൂനഹദോസു പഠിപ്പിക്കുന്നില്ല. യാക്കോബായക്കാരാണ് അങ്ങിനെ ശഠിക്കുന്നത്. "ഒരു സ്വഭാവം മാത്ര"മേ ഉള്ളു എങ്കിൽ, സൂനഹദോസിൻെറ പഠനപ്രകാരം അതു ദൈവസ്വഭാവമാകുവാനെ പാടുള്ളു. ദൈവസ്വഭാവം മറിയത്തിൽ നിന്നു ജനിക്കുവാനും, മരിക്കുവാനും മറ്റും പാടുള്ള ഒന്നല്ലെന്നു സകാരണം മുകളിൽ തെളിയിച്ചിട്ടുണ്ട്. പക്ഷെ, മിശിഹാ മറിയത്തിൽ നിന്നു ജനിച്ചെന്നും മറിയം ദൈവമാതാവാണെന്നും പ്രസ്തുത സൂനഹദോസുതന്നെ പ്രഖ്യാപനം ചെയ്യുന്നു. സൂനഹദോസിൻെറ പഠനങ്ങൾ പരസ്പരവിരുദ്ധങ്ങളാണെന്ന് യാക്കോബായക്കാർ ഒരു നാളും പറയുകയില്ല. പോരെങ്കിൽ "പിതാവിൻെറ മനുഷ്യാവതാരം ചെയ്തു വചനത്തെ അവൾ മാംസത്തിൽ പ്രസവിച്ചു" "സ്വന്തമായ മാംസത്തോടുകൂടിയ മിശിഹാ ഒരാളാണ്" എന്നിങ്ങനെ പല സ്ഥലങ്ങളിലായി സൂനഹദോസു നിശ്ചയങ്ങൾ മനുഷ്യാവതാരം സംബന്ധമായ ശരിയായ പഠനം നമുക്കു പ്രദാനം ചെയ്യുന്നുമുണ്ട്. (മനുഷ്യ) മാംസമുള്ള ആളിന് മനുഷ്യസ്വഭാവ

മില്ലെന്ന് വല്ലവരും പറയുമോ? മിശിഹായിൽ ഒരാളും രണ്ടുസ്വഭാവവും ഉണ്ടെന്നാണ് അപ്പേസ്തൂസ്സ സ്സൂനഹദോസിൻെറ പഠനമെന്ന് ഇത്രയും പറഞ്ഞതിൽ നിന്നു വിശദമായെന്നു കരുതുന്നു. മറിയം ദൈവ ആളിനെ മനുഷ്യസ്വഭാവത്തിൽ പ്രസവിച്ചെന്നു സിദ്ധിക്കുന്നു. "മാംസത്തിൽപ്രസവിച്ചു" എന്നു് സൂനഹദോസിൻെറ ഒന്നാം കാനോന പറയുന്നതിൻെറ അൎത്ഥം ഇതാണ്. ഈ പറഞ്ഞപ്രകാരമല്ലാതെ മററു യാതൊരു പ്രകാരവും അപ്പേസ്തൂസ്സൂനഹദോസിൻെറ പഠനം വ്യാഖ്യാനിക്കയോ നാം വിശ്വസിക്കുന്ന മനുഷ്യാവതാരരഹസ്യം സംഭവിക്കയൊ ചെയ്യുവാൻപാടുള്ളതല്ല. (തുടരും)

# മരണത്തിനു നൽകിയ ശിക്ഷ.

(ഇംഗ്ലീഷ് തിരുഹൃദയദൂതനിൽനിന്നു ഭാഷാന്തരംചെയ്ത ഒരു ചെറുകഥ.)

(ശ്രീമാൻ ചാക്കൊ വള്ളവന്തറ.)

വിളറിയ മുഖത്തോടും വാടിത്തളൎന്ന ശരീരത്തോടുംകൂടി അവൾ കിടന്നിരുന്നു. അവൾ ധരിച്ചിരുന്നതു ദുഃഖസൂചകമായ വസ്ത്രങ്ങൾ ആയിരുന്നു. ബന്ധുമിത്രാദികൾ സുഗന്ധസൌരഭ്യം വീശുന്ന കുസുമങ്ങൾകൊണ്ടു അവളെ അലങ്കരിച്ചു. അവളുടെ അയൽവാസികളും സ്നേഹിതകളും അവളുടെ ചുററിലുമിരുന്നു കരയുകയും, അവൾ ഇനിയും അന്ത്യശ്വാസം വിട്ടിട്ടില്ലെന്നുള്ള ഭാവത്തിൽ അവളുടെ പേരു വിളിക്കയും, അവളോടു ഓരോന്നു പറയുകയും ചെയ്തിരുന്നു. "നീ എത്ര നല്ലവൾ, എത്ര ദയാലു. ഇത്ര പെട്ടെന്നു, അതെ; രണ്ടു ദിവസത്തിനുള്ളിൽ നീ ഞങ്ങളെ ഉപേക്ഷിച്ചുംവച്ചു പോകുന്നുവോ? ഇനി നിൻെറ പ്രിയപ്പെട്ട പിതാവിൻെറ സ്ഥിതി എന്തു്? അദ്ദേഹത്തിൻെറ ഏക സന്താനമായ നീയെങ്കിലും ഈ വാൎദ്ധക്യ കാലത്തു അദ്ദേഹത്തെ രക്ഷിക്കുന്നതിനു ഉണ്ടായിരിക്കുമെന്നുള്ള വിചാരവും വ്യൎത്ഥമായല്ലൊ." എന്നിപ്രകാരം അവർ പറഞ്ഞിരുന്നു.

എന്നാൽ വൃദ്ധനായ ആ സാധുമനുഷ്യൻ അയാളുടെ ഏക സന്താനമായ ആ പെൺകുഞ്ഞിൻെറ ശവശരീരം കിടത്തിയിരുന്ന മുറിയുടെ ഒരു കോണിൽ ഇരുന്നു അയാളുടെ നിൎഭാഗ്യാവസ്ഥയെ വിചാരിച്ചു ഇപ്രകാരം പറഞ്ഞു കരഞ്ഞു തുടങ്ങി. "എൻെറ പൊന്നു ഓമനെ! ജീവിതത്തിലെ ഏക സന്തോഷവും, ശരണവുമായിരുന്ന എൻെറ കുഞ്ഞേ! എന്തുകൊണ്ടു എന്നെ നീ ഉപേക്ഷിച്ചു? ഞാൻ ആദ്യം മരിക്കയല്ലായിരുന്നോ ഇതിൽഭേദം? ഇനി എൻെറ സ്ഥിതിയെന്തു്? എന്നെ ആരു സംരക്ഷിക്കും? എന്നെ അന്വേഷിക്കുന്നതിനു ഇനി ആരുള്ളു? എന്നെ സ്നേഹിക്കുന്നവർ ആരുള്ളു? ... ഇനി ഒരു നിമിഷംപോലും ജീവിച്ചിരിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നില്ല. നിൻെറ കൂടെ വന്നുചേരുന്നതിനുമാത്രം ഞാൻ ആഗ്രഹിക്കുന്നു. ഉടയനാഥാ! എന്നെക്കൂടെ എൻെറ മകളുടെ അടുക്കലേക്കു വിളിക്കേണമെ!" ഇപ്രകാരമുള്ള അയാളുടെ പ്രലപനങ്ങളുടെശേഷം അയാൾക്കു ബോധക്ഷയമുണ്ടാകയും ഒരു അപരിചിതൻ തൻെറ സമീപെ വരുന്നതായി അയാൾക്കു തോന്നുകയും ചെയ്തു. ഈ സാധുവിൻെറ കരച്ചിലും ദുഃഖവുംകണ്ടു അയാൾക്കു ദയ തോന്നുകയും അയാളെ ആശ്വസിപ്പിക്കുന്നതിനു ശ്രമിക്കയും ചെയ്തു. അയാൾ താഴെക്കാണുംപ്രകാരം പറഞ്ഞതായി ആ വൃദ്ധനുതോന്നി.

ഒരിക്കൽ സാമാന്യം വലിയ ഒരു

കുടുംബത്തിലെ നായകനെ കൊന്നു അയാളുടെ ജീവനെ കൊണ്ടുവരുന്നതിനു സർവ്വശക്തൻ മരണത്തെ അയച്ചു. ഉടൻതന്നെ മരണം ആജ്ഞാനുസരണം പുറപ്പെട്ടു്, പ്രസ്തുത ഗൃഹത്തിൽ വന്നുചേർന്നു. വീട്ടിൽ പ്രവേശിച്ച മരണം എല്ലാവരേയും സസന്തോഷം അഭിവാദ്യം ചെയ്തു. കുടുംബാംഗങ്ങൾ എല്ലാവരും മരണത്തിനു സ്വാഗതം നൽകി, ഇരിക്കുന്നതിനു ഒരു കസാല മാറ്റി ഇട്ടുകൊടുത്തു. ഈ നല്ല സ്നേഹിതനു സ്വാഗതം ആശംസിക്കുന്നതിനും ആചാരോപചാരങ്ങൾ നൽകുന്നതിനും തന്റെ വാത്സല്യ മക്കളോടുകൂടി അവരുടെ പ്രിയ മാതാവും സഹകരിച്ചു. "എന്നെക്കുറിച്ചു നിങ്ങൾ ബദ്ധപ്പെടേണ്ട, എനിക്കു യാതൊന്നും ആവശ്യമില്ല. നിങ്ങളുടെ ഭർത്താവിന്റെ ജീവനെയുംകൊണ്ടു ചെല്ലണമെന്നുള്ള ജഗദീശ്വരന്റെ ആജ്ഞയെ നിവർത്തിക്കുന്നതിനു മാത്രമാണു് ഞാൻ വന്നിരിക്കുന്നതു്" എന്നു മരണം പറഞ്ഞു. ഇതു കേട്ടക്ഷണത്തിൽ മാതാവും, മക്കളും കരയുന്നതിനു തുടങ്ങി. "ഭർത്താവു മരിക്കുന്നപക്ഷം ഈ കുഞ്ഞുങ്ങളെ ആരു രക്ഷിക്കും? ജോലിചെയ്തു ഉപജീവിനം കഴിക്കുന്നതിനു ഞങ്ങളിൽ ആരും ശക്തരോ പ്രാപ്തരോ അല്ല. ഈ സ്ഥിതിയിൽ ഞങ്ങളുടെ പിതാവിന്റെ ജീവനെ എടുക്കുന്നപക്ഷം ഇതിൽ കൂടുതൽ ഒരു നിർഭാഗ്യാവസ്ഥ ഞങ്ങൾക്കു വന്നുചേരുവാനില്ല." കുടുംബാംഗങ്ങളുടെ ഈവിധത്തിലുള്ള അപേക്ഷകളും, ദുഃഖവുംകണ്ടു മരണം ആജ്ഞാനുസരണം പ്രവർത്തിക്കാതെ ആ വീട്ടിൽനിന്നു ഇറങ്ങിപ്പോയി.

മരണം ദൈവസന്നിധിയിൽ മടങ്ങിയെത്തി. നിന്നോടു കൊണ്ടുവരുന്നതിനു് ആജ്ഞാപിച്ച ആത്മാവു എവിടെ? എന്നു ദൈവം ചോദിച്ചു.

നിസ്സഹായരും അനാഥരുമായ ചെറു പൈതങ്ങളുടെ പിതാവിനെ അവരിൽനിന്നു അകറ്റുന്നതു അതിസാഹസമാണെന്നുകരുതി താൻ ആജ്ഞാനുസരണം പ്രവർത്തിച്ചില്ലെന്നു മരണം അറിയിച്ചു.

ഇതുകേട്ടു ദൈവം കോപിച്ചു. സമുദ്രത്തിൽ മുങ്ങി അവിടെക്കാണുന്ന ഭാരമുള്ള ഒരു കല്ലിനെ എടുത്തു കൊണ്ടുവരുന്നതിനു മരണത്തോടു കല്പിച്ചു. മരണം പെട്ടെന്നു ഒരു വലിയ കല്ലുകൊണ്ടുവന്നു് ദൈവസന്നിധിയിൽ സമർപ്പിച്ചു. ആ കല്ലു രണ്ടായി വിഭാഗിക്കുന്നതിനു ദൈവം ആജ്ഞാപിക്കയും മരണം അപ്രകാരം ചെയ്കയും ചെയ്തു. പ്രസ്തുത കല്ലിനുള്ളിൽ ഒരു ചെറിയ കൃമി സസുഖം ജീവിച്ചിരിക്കുന്നതായികണ്ടു. "സമുദ്രത്തിന്റെ ആഴത്തിൽ കിടന്ന കല്ലിനുള്ളിൽ ഈ പുഴുവിനെ ജീവനോടുകൂടിവച്ചിരിക്കുന്നതു ആരെന്നു" ദൈവം ചോദിച്ചു. "അങ്ങുന്നുതന്നെ" എന്നു മരണം ഉത്തരം പറഞ്ഞു. "സമുദ്രത്തിന്റെ അടിയിൽ ഇത്ര നിസ്സാരമായ പുഴുക്കളെക്കൂടിയും ഞാൻ സംരക്ഷിക്കുമെങ്കിൽ എന്റെ വാത്സല്യ മക്കളെ ഉപേക്ഷിച്ചുകളയുമെന്നു നീ സംശയിക്കുന്നതെന്തിനു?" എന്നു ദൈവം ചോദിച്ചു. അവിടുന്നു മരണത്തെ അവന്റെ അനുസരണക്കേടും വിശ്വാസക്കുറവും കാരണത്താൽ ശപിക്കയും മേലാൽ മരണം ഒരു കുരുടനായിരിക്കുമെന്നും മരണത്തിനു അധീനരാകേണ്ടവൻ ധനവാനോ, ദരിദ്രനോ, ബാലനോ, വൃദ്ധനോ, ബലവാനോ, ബലഹീനനോ, എന്നു കാണുന്നതിനു മരണത്തിനു ശക്തിയില്ലാതെ തീരുമെന്നും ദൈവം ആജ്ഞാപിക്കയും ചെയ്തു. കൂടാതെയും നീ ആരെന്നും, നിന്റെ ഉദ്യോഗം എന്തെന്നും മറ്റും മനുഷ്യരെ പറഞ്ഞു അറിയിക്കാതിരിക്കുന്നതിനുവേണ്ടി നീ ഒരു ബധിരനും ആയിത്തീരട്ടെ എന്നും അവിടുന്നു് നിശ്ചയിച്ചു. നിന്നെ ആർക്കും കാണുന്നതിനു സാധിക്കാത്തവിധത്തിൽ ഒരു അരൂപിയുമായിരിക്കുമെന്നും ദൈവം മരണത്തെ അറിയിച്ചു. ഏതായാലും ഇങ്ങനെ മരണം ക്രൂരനും, കഠിനഹൃദയനും, സ്ഥിരനിശ്ചയമുള്ളവനുമായിത്തീർന്നിരിക്കുന്നു. യാതൊരുവിധ യാചനകൾക്കും അപേക്ഷകൾക്കും അവൻ വിധേയനായിത്തീരുന്നതല്ല. മാത്രമല്ല, അവൻ കുരുടനും, ബധിരനുമാണെന്നു

അനുഭവം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. "നീ മരിക്കണം" എന്നു ആജ്ഞാപിക്കുന്നതു് നാം ദിനംപ്രതി പ്രാർത്ഥിക്കുന്ന സ്വർഗ്ഗത്തിലിരിക്കുന്ന നമ്മുടെ പിതാവാണെന്നു ഓർക്കേണ്ടതാകുന്നു.

# ആർസിലെ വികാരിയുടെ വേദപാഠക്ലാസ്സ്.

(റവ. ആർ. പി.)

## 6. പരിശുദ്ധ കന്യകമറിയം.

പരിശുദ്ധ കന്യകമറിയത്തിന്റെ നിർമ്മലമായ ഹൃദയത്തെ സ്വന്തകരങ്ങളുടെ ഏററം മഹനീയമായ സൃഷ്ടിയായി ആനന്ദപൂർവ്വം പിതാവായ ദൈവം വീക്ഷണംചെയ്യുന്നു. നാം നമ്മുടെ പ്രവൃത്തിയെ, വിശിഷ്യ പ്രവൃത്തി ഭംഗിയായി നിർവ്വഹിക്കപ്പെട്ടപ്പോൾ, അത്യധികം സ്നേഹിക്കുക സാധാരണമാണല്ലോ. നമ്മെ പരിത്രാണം ചെയ്ത ആ തിരുരക്തം സ്വീകരിച്ച ഒരുറവയായിട്ടത്രേ പുത്രൻ തിരുഹൃദയത്തെ പരിഗണിക്കുന്നതു്. പരിശുദ്ധാത്മാവോ എന്നാൽ സ്വന്തം വാസസ്ഥാനമായും അതിനെ ദർശിക്കുന്നു.

മറിയത്തിന്റെ ജനനത്തിനു മുമ്പുതന്നെ അവിടുത്തെ മാഹാത്മ്യങ്ങളെ പ്രവാചകന്മാർ പ്രഖ്യാപനം ചെയ്തിട്ടുണ്ടായിരുന്നു. സൂര്യനോടു് അവിടുത്തെ അവർ തുലനംചെയ്തു. കന്യകമറിയത്തിന്റെ ഭൂപ്രവേശം യഥാർത്ഥത്തിൽ, മഞ്ഞുമൂടിയ ഉഷഃകാലത്തിലെ സുന്ദരമായ സൂര്യകിരണത്തോടു് ആബദ്ധ്യലേശമെന്യേ ഉപമിക്കപ്പെടാം. അവിടുത്തെ ജനനത്തിനുമുമ്പു നമ്മെ ഹനിക്കുവാൻ ഒരു ഖഡ്ഗമെന്ന വിധം ദൈവകോപം നമ്മുടെമേൽ പതിച്ചിരുന്നു. എന്നാൽ അവിടുത്തെ ആഗമനത്തോടെ അതു് നിശ്ശേഷം സമാർജ്ജിതമായിപ്പോയി.

ദൈവജനനിയാകുവാനുള്ളയാൾ താനാണെന്നുള്ള ബോധം കന്യകമറിയത്തിനുണ്ടായിരുന്നില്ല. തന്നിമിത്തം ആ മനോജ്ഞസൃഷ്ടിയെ ഒരു നോക്കു കാണുവാനുള്ള ഭാഗ്യം തനിക്കുണ്ടായെങ്കിൽ കൊള്ളാമെന്നു ബാല്യത്തിൽ അവിടുന്നു പറയുക പതിവായിരുന്നത്രേ.

കന്യകമറിയം പലപ്പോഴും ഒരു മാതാവിനോടു് ഉപമിക്കപ്പെടുന്നു. എന്നാൽ അവിടുന്നു് എല്ലാ മാതാക്കളിലും വെച്ചു് ശ്രേഷ്ഠയാണെന്നു സമ്മതിക്കണം. മാതാവു് എത്ര നല്ലവളായിരുന്നാലും കുഞ്ഞു തനിക്കു് അനിഷ്ടമായി വർത്തിക്കുമ്പോൾ അതിനെ ശിക്ഷിക്കാതിരിക്കുന്നില്ല. കന്യകമറിയമാകട്ടെ സദാ സ്നേഹസമന്വിതമേ നമ്മോടു വർത്തിക്കുന്നുള്ളു. ശിക്ഷ ഒരിക്കലും നമുക്കു നൽകുന്നില്ല. ഈ അമ്മയുടെ ഹൃദയം സ്നേഹവും കരുണയുമാകുന്നു. നാം സദാ സൗഭാഗ്യരായിരിക്കണമെന്നാണു് അവിടുത്തെ അഭിലാഷം. കരുണാസാഗരമായ നമ്മുടെ ദിവ്യരക്ഷകനും തന്റെ നീതിബോധമുണ്ടു്. എന്നാൽ കന്യകമറിയത്തിനാകട്ടെ സ്നേഹവും കരുണയുമല്ലാതെ മറെറാന്നുമില്ല. നമ്മോടുള്ള സ്നേഹാതിരേകത്താൽ ദൈവം നമുക്കായി മരണംതന്നെയും സഹിച്ചു. പക്ഷേ തന്റെ നീതി സദാ തന്നോടുകൂടെയുണ്ടു്. കന്യകമറിയമോ എന്നാൽ കരുണയാൽ പരിപൂരിതയായിരിക്കുന്നു. അവിടുത്തെ പുത്രൻ പാപിയുടെ വിധിതീർപ്പെഴുതുമ്പോൾ ഇതാ താൻ അവനുവേണ്ടി മാദ്ധ്യസ്ഥയാ

ചിക്കയും ശിക്ഷാഖഡ്ഗത്തെ നിരോധിക്കയും പാപമോചനം ലഭിച്ചുകൊടുക്കുകയുമാണ് ചെയ്യുന്നത്.

നമുക്കുവേണ്ടി തന്റെ പുത്രന്റെ പക്കൽ അവിടുന്ന് സദാ മാദ്ധ്യസ്ഥം പറയുന്നു. നാം എത്രവലിയ പാപികളായിരിക്കുന്നോ അത്ര അനുകമ്പയും അനുഭാവവുമാണ് അവിടുന്നു നമ്മോടു പ്രദർശിപ്പിക്കുന്നതു്. മാതാക്കളുടെ കൂടുതൽ അശ്രുധാരക്കു ഹേതുവായ പുത്രന്മാരാണല്ലോ അവരുടെ കൂടുതൽ സ്നേഹത്തിനും പാത്രങ്ങളായിത്തീരുക. ആതുരശാലകളിൽ കൂടുതൽ ശുശ്രൂഷക്കു പാത്രീഭൂതരും കഠിന രോഗികളല്ലയോ?

കന്യകമറിയത്തിന്റെ ഹൃദയം ഏററം കരുണയുള്ളതാകുന്നു. ലോകത്തിലുള്ള സകല മാതാക്കളുടേയും കരുണ ഒന്നിച്ചുചേർത്താലും അതു് ഏററം തുച്ഛമായിട്ടേ നമുക്കു തോന്നുകയുള്ളു. അവിടുത്തോടുള്ള ഭക്തി എത്ര ആനന്ദമാധുര്യങ്ങൾ നിറഞ്ഞതാകുന്നു! ലൗകികവിഷയങ്ങളേയും രാഷ്ട്രീയ വിപ്ലവങ്ങളേയും പററി പ്രതിപാദിക്കുമ്പോൾ നാം ക്ഷണേന ക്ഷീണിച്ചുപോകുന്നു. എന്നാൽ കന്യകമറിയത്തെക്കുറിച്ചു് എത്ര പറഞ്ഞാലും അവയെല്ലാം പുതിയതായിട്ടേ നമുക്ക് അനുഭവപ്പെടുകയുള്ളു.

സകല വിശുദ്ധർക്കും അവിടുത്തോട് അപരിമിതമായ ഭക്തിയുണ്ടായിരുന്നു. കാരണം, അവിടുത്തെ കരങ്ങളിൽ കൂടിയല്ലാതെ സ്വർഗ്ഗത്തിൽനിന്നും ഒരനുഗ്രഹവും നമ്മിലേക്കു വരുന്നില്ലെന്ന് അവർ ഗ്രഹിച്ചിരുന്നു. ദ്വാരപാലകന്റെ അറിവുകൂടാതെ ഗൃഹത്തിൽ പ്രവേശിക്കുവാൻ അശക്യമെന്നപോലെ പരിശുദ്ധ കന്യകമറിയത്തിന്റെ സഹായമല്ലാതെ സ്വർഗ്ഗരാജ്യം പ്രവേശിക്കുന്നതും അസാധ്യമെന്നു പറയേണ്ടിയിരിക്കുന്നു.

ഒരു മഹാപുരുഷന് എന്തെങ്കിലും കാഴ്ച നാം നൽകുമ്പോൾ, അതു് അദ്ദേഹത്തിനു കൂടുതൽ പ്രീതി വരുത്തുന്നതിനായി അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻവഴി അദ്ദേഹത്തിന്റെ സമീപം പ്രാപിക്കുക സാധാരണമാണല്ലോ. അതിനാൽ കന്യകമറിയം വഴി നാം ദൈവത്തിനണയ്ക്കുന്ന കാഴ്ചകൾക്ക് ഒരു പ്രത്യേക ഫലമുണ്ടെന്നു് നമുക്കു കൃതാർത്ഥതയടയാം. അതേ ദൈവകല്പനയെ ഒരിക്കലും ലംഘിക്കാത്ത ഏകസൃഷ്ടി പരിശുദ്ധ കന്യകമറിയം മാത്രമാകുന്നു. ഈ മാതാവുവഴി നമുക്ക് ആവശ്യമായ അനുഗ്രഹങ്ങളെ ദൈവത്തിൽനിന്നും യാചിക്കാം.

## ൧൧൦൨ ചിങ്ങമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം

### കത്തോലിക്ക സ്വരാജ്യസ്നേഹം.

കത്തോലിക്കാസഭ ഒരു ദൈവിക സ്ഥാപനമാണ്, അതിന്റെ സ്ഥാപകനായ മ്ശിഹാ ദൈവപുത്രനായതുകൊണ്ടും, ദൈവികമായ ഒരന്ത്യം പ്രാപിക്കുന്നതിലേക്കു അതു സ്ഥാപിതമായിരിക്കുന്നതിനാലും അതു ദൈവികമായിരിക്കുന്നുവെന്നു സമ്മതിച്ചേതീരൂ. എന്നാൽ അതു ലോകത്തിലാണു സ്ഥാപിക്കപ്പെട്ടതു്; മനുഷ്യരാണു അതിന്റെ അംഗങ്ങൾ; എല്ലാ രാജ്യങ്ങളിലും അതിന്റെ അംഗങ്ങളെ കാണ്മാനുമുണ്ടു്. അതിനാൽ ലൗകിക കാര്യങ്ങളിലും സഭക്കു ഇടപെടേണ്ടതായിട്ടുണ്ടു്; ലൗകികാധികാരത്തിന്റെ കീഴും സഭ നിലനിന്നു പോരേണ്ടതായിട്ടുണ്ടു്. ഇപ്രകാരമുള്ള കൂടിക്കലർന്ന ഈ നിലയിൽ

ഒരു കത്തോലിക്കൻ വ്യവസ്ഥാപിതങ്ങളായ പ്രമാണങ്ങളെ അടിസ്ഥാനപ്പെടുത്തി തന്റെ ഗതിയെ നിയന്ത്രിച്ചുകൊണ്ടുപോകേണ്ടിയിരിക്കുന്നു. ഏതു രാഷ്ട്രത്തിന്റെ കീഴിൽ അവൻ അധിവസിക്കുന്നുവോ അതിന്റെ ന്യായാനുസൃതമായ നിയമങ്ങളെ അനുസരിക്കുന്നതിനു സഭ അവനു പ്രതിബന്ധമാകുന്നതല്ല. ഒരുത്തമ കത്തോലിക്കനു ഇംഗ്ലീഷ്കാരനോ ഫ്രഞ്ചുകാരനോ ജമ്മൻകാരനോ ആകുന്നതിനു അവന്റെ മതവിശ്വാസം അവനെ നിരോധിക്കുന്നില്ല. ഓരോരോ ജാതിക്കാൎക്കും അവശ്യം ഉണ്ടായിരിക്കേണ്ടതായ സ്വരാജ്യസ്നേഹം ഉണ്ടാകുന്നതിനും വിരോധമില്ല. എന്നാൽ സ്വരാജ്യസ്നേഹം വൎദ്ധിച്ചു സഭയെ രാഷ്ട്രത്തിനു പിന്നിടുന്നതിനു ഒരു കത്തോലിക്കനു സ്വാതന്ത്ര്യമില്ലാത്തതാകുന്നു. ലൌകികമായിട്ടുള്ള സകലവ്യവഹാരങ്ങളിലും രാഷ്ട്രീയാധികാരം സ്വതന്ത്രമായിരിക്കുന്നതുപോലെ തന്നെ സാന്മാൎഗ്ഗികവും വൈദികവുമായ എല്ലാ കാൎയ്യങ്ങളിലും സഭ രാഷ്ട്രീയാധികാരത്തിൽ നിന്നു പൂൎണ്ണമായി സ്വതന്ത്രയാകേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ വൈദികവും ലൌകികവും സമ്മിശ്രമായ വിഷയങ്ങളിൽ വിധിചെയ്യുന്നതിനുള്ള അധികാരവും സഭയ്ക്കു തന്നെയായിരിക്കേണ്ടതാകുന്നു. ഇപ്രകാരമുള്ള സഭയുടെ ന്യായാവകാശങ്ങളെ അവഗണിച്ചു ദൈവികസ്ഥാപനമായ തിരുസഭയെ എല്ലാ കാൎയ്യങ്ങളിലും രാഷ്ട്രത്തിനു കീഴ്പെടുത്തുന്നതിനു സ്വരാജ്യസ്നേഹത്താൽ പ്രേരിതരായി ഉദ്യമിക്കുന്നവരുടെ ശ്രമങ്ങളിൽ ഒരു കത്തോലിക്കനും ഒരുവിധത്തിലുമുള്ള അനുഭാവവുമുണ്ടാകാൻ പാടില്ലാത്തതാകുന്നു. നരകസൈന്യങ്ങളുടെ ഈവക യുദ്ധങ്ങളിൽ കത്തോലിക്കർ സാക്ഷാൽ കത്തോലിക്ക സ്വരാജ്യസ്നേഹത്തോടുകൂടെ സഭയുടെ സാക്ഷാലുള്ള മക്കളായി വൎത്തിക്കുന്നതിനു വേണ്ട വെളിവും ധൈൎയ്യവും കിട്ടുന്നതിലേക്കു തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രാൎത്ഥിക്കണം.

കന്നിമാസം:— "മരണ സഹായ സഖ്യങ്ങളുടെ അഭിവൃദ്ധി."


# ക: നാഥയുടെ കുഞ്ഞുമക്കൾക്ക്.

1. വി. ലൂയീസുഗൊൺസാഗാ.

10. പുണ്യവാന്റെ കീഴ്വഴക്കം.

പ്രിയകുഞ്ഞുങ്ങളെ,

മനുഷ്യന്റെ ഒരു വലിയ ശത്രു അവന്റെ സ്വന്ത മനസ്സാണു. അതിനെ വേണ്ടപോലെ നിയന്ത്രിച്ചുകൊണ്ടുപോയില്ലെങ്കിൽ എവിടെയെങ്കിലും അവനെക്കൊണ്ടു ചെന്നു വീഴിയ്ക്കും, സ്വന്ത മനസ്സിനെ ന്യായമായ അധികാരികൾക്കു കീഴ്പെടുത്തി ജീവിക്കുന്നതിനാണു അജ്ഞാനുസരണം കീഴ്വഴക്കം എന്നൊക്കെ പേരു പറയുന്നതു. ഇങ്ങിനെ മനസ്സിനെ വളൎക്കുന്നതു ചില്ലറ വിഷമമുള്ള കാൎയ്യമല്ല. തന്നിഷ്ടംപോലെ സകലത്തിലും പോകണമെന്നുള്ള ആഗ്രഹമാണു മനുഷ്യനു സ്വാഭാവികമായിട്ടുള്ളതു്. തന്നിഷ്ടത്തിനു വിപരീതമാകുമ്പോൾ എല്ലാം വിംബിഷ്ടമായി. ഈ വിംബിഷ്ടത്തെ ക്രമേണ കീഴമൎത്തി ജയിച്ചുവന്നാൽ അധികാരികൾക്കു കീഴ്വഴങ്ങാൻ ഒരു ബുദ്ധിമുട്ടും ഉണ്ടാകയില്ല. വി. ലൂയീസു ഈ സുകൃതാഭ്യാസം ചെറുപ്പംമുതൽ ശീലിച്ചുവന്നു. അതിനാൽ വീട്ടിൽവച്ചു മാതാപിതാക്കന്മാൎക്കും, വിദ്യാലയത്തിൽ വച്ചു അദ്ധ്യാപകന്മാൎക്കും, സന്യാസത്തിൽ ശ്രേഷ്ഠന്മാൎക്കും കീഴ്വഴങ്ങുന്നതിനു വിശുദ്ധനു ഒരിക്കലും പ്രയാസമുണ്ടായില്ല. എന്നാൽ ഇതു വെറും ലൌകികന്യായങ്ങളേക്കുറിച്ചോ കാൎയ്യലാഭത്തെ



കുട്ടനാട്ട് കെ. സി. സി. എ. ബാലികാബാലസംഘങ്ങൾ.

ഉപചരിച്ചോ അല്ല ചെയ്തു വന്നത്. അധികാരികളെല്ലാം ദൈവസ്ഥാനത്തിൽ ഇരിക്കുന്നവരാണെന്നു പുണ്യവാൻ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. അതിനാൽ അവർക്കു കീഴ്വഴങ്ങുമ്പോഴെല്ലാം ദൈവത്തിനു തന്നെ കീഴ്വഴങ്ങുന്നുവെന്നു പരിശുദ്ധൻ പൂർണ്ണമായി ഗ്രഹിച്ചിരുന്നു. രാജകല്പനയെ ഒരു ശിപായിവഴി അറിയിച്ചാലും അതു രാജകല്പനയായിട്ട് അനുസരിക്കേണ്ടതല്ലയോ എന്നാണു പുണ്യവാൻ ചോദിച്ചിരുന്നതു്. ഇപ്രകാരമുള്ള കീഴ്വഴക്കം വഴിയായി വിശുദ്ധ ലൂയീസു അധികാരികളുടെ സ്നേഹവാത്സല്യങ്ങൾക്കും കൂട്ടരുടെ സമ്മാതൃകയ്ക്കും വിഷയമായതു കൂടാതെ മനസ്സമാധാനം മുതലായ അനവധി ദൈവദാനങ്ങൾക്കും പാത്രമായി. പ്രിയ കുഞ്ഞുങ്ങളെ, കീഴ്വഴക്കത്തിന്റെ പോരായ്മ നിമിത്തം എത്ര കുട്ടികളാണു പിശാചിന്റെ വലയിൽ ചെന്നു വീഴുന്നതെന്നു നിങ്ങൾ ഓർക്കണം. സ്വാതന്ത്ര്യപ്രിയത്തിന്റെ ഇക്കാലത്തു ആജ്ഞാനുസരണം മുതലായവ അനാവശ്യമാണെന്നു കൊച്ചുകുട്ടികൾപോലും വിചാരിച്ചുപോകുന്നു. ഒടുവിൽ തങ്ങളുടെ അറിവില്ലായ്മ മനസ്സിലാകാൻ പലപ്പോഴും ഇടയാകും. എന്നാൽ വളരെ താമസിച്ചായാൽ ഫലമില്ലാതായിത്തീരുന്നു. ആകയാൽ ഈ വിശിഷ്ടപുണ്യത്തിന്റെ വില മനസ്സിലാക്കി പ്രവർത്തിപ്പാനുള്ള മനോഗുണം നമ്മുടെ വിശുദ്ധമദ്ധ്യസ്ഥനോടു പ്രാർത്ഥിക്കുക.

## II. ഈ മാസത്തെ മദ്ധ്യസ്ഥൻ — വി. അല്ലോൻസുലിഗോരി.

(തിരുനാൾ ആഗസ്റ്റ് ൨-ാംനു- വ്യാഴാഴ്ച.)

ദൈവജനനിയുടെ അസാധാരണ ഭക്തനായ ഈ പുണ്യവാൻ ഇററലി രാജ്യത്തിൽ നേപ്പിൾസുപട്ടണത്തിലുള്ള ഒരു പ്രഭുകുടുംബത്തിലാണു ജനിച്ചതു. പഠിച്ചുനടക്കുന്നകാലത്തിൽതന്നെ നാഴികമണിയടിക്കുന്നതു കേൾക്കുമ്പോ

ഴെല്ലാം ഒരു നന്മനിറഞ്ഞമറിയംചൊല്ലി പരിശുദ്ധ ദൈവജനനിയ്ക്കു സ്വസ്തിചൊല്ലിവന്നു. ചെറുപ്പത്തിലെ ഉന്നത പരീക്ഷകൾ ജയിച്ച ബാരിസ്റ്റർജോലി തുടങ്ങിയെങ്കിലും ഒരു കേസിൽവെച്ച ലോകത്തിന്റെ വഞ്ചനകൾ മനസ്സിലാക്കി സകലവും ഉപേക്ഷിച്ച ദൈവശുശ്രൂഷയ്ക്കു പുറപ്പെടുകയാണു ചെയ്തതു്. ഗുരുപ്പട്ടമേല്ക്കുകയും ഒടുവിൽ മെത്രാൻസ്ഥാനത്തേയ്ക്കു ഉയർത്തപ്പെടുകയും ചെയ്തു. 91-ാമത്തെ വയസ്സിലാണു മരണം പ്രാപിച്ചതു. തിരുസഭയിലെ വലിയ ഒരു പുണ്യവാനായിട്ടും വേദപാരഗനായിട്ടും ഇപ്പോൾ വണങ്ങപ്പെടുന്നു. പാപംചെയ്യുന്നതിനേക്കാൾ മരിക്കുന്നതിനുള്ള ധൈര്യം വി. അല്ഫോൻസേ! ഞങ്ങൾക്കു നീ ലഭിച്ചുതരണമേ.

(സ്ഥലച്ചുരുക്കത്താൽ കെ. സി. സി. എ. ഡയറി നീക്കിവച്ചിരിക്കുന്നു.)

# വർത്തമാനക്കുറിപ്പുകൾ.

പരിശുദ്ധപിതാവു തിരുമനസ്സിലേക്കു എന്തോ അസ്വാസ്ഥ്യമാണെന്നുള്ള അകത്തോലിക്ക പത്രങ്ങളുടെ പ്രസ്താവനയെ റോമയിൽനിന്നു ഔദ്യോഗികമായി നിഷേധിച്ചിരിക്കുന്നു.

ജൂലൈ 11-ാംനു- മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു റോമയിലെത്തിയിരുന്ന പുതിയ ബോംബെ മെത്രാപ്പോലീത്തായും, മൈലാപ്പൂർ മെത്രാനും കൂടി കാഴ്ചയനുവദിക്കയും ഇൻഡ്യയിലെ സഭാകാര്യങ്ങൾ സംബന്ധിച്ച ദീർഘനേരം അവരുമായി സംഭാഷണം ചെയ്കയും ചെയ്തതായിക്കാണുന്നു.

മെക്ക്സിക്കോ കാര്യങ്ങളെപ്പറ്റിയുള്ള വർത്തമാനങ്ങൾ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയ ശേഷം ഇംഗ്ലണ്ടിലെ 'ഡെയ്ലി എക്സ്പ്രസ്സ്' എന്ന പത്രത്തിനു അറുപ്പത്തറായിരത്തോളം വരിക്കാർ കൂടുതലുണ്ടായിട്ടുള്ളതായിക്കാണുന്നു.

ഒരു വീട്ടിൽ ദിവ്യപൂജ സമർപ്പിച്ച കുററത്തിനു മെക്ക്സിക്കോയിലെ ഒരു കത്തോലിക്ക വൈദികനേയും 49 കത്തോലിക്കരേയും പോലീസുകാർ അറസ്ററു ചെയ്തിരിക്കുന്നു.

മദ്രാസ്സ് അതിരൂപതയിലെ തെലുങ്കു പ്രദേശങ്ങൾ തനിച്ച നെല്ലൂർ ആസ്ഥാനമായി ഒരു പുതിയ രൂപത സ്ഥാപിക്കുന്നതിനും, മദ്രാസ് അതിരൂപത സലേഷ്യൻ സഭക്കാരേ ഏല്പിക്കുന്നതിനും തീർച്ചപ്പെടുത്തിയിരിക്കുന്നു.

മദ്രാസ്സ് മെത്രാപ്പോലീത്തായായി വെല്ലൂരിൽ സലേഷ്യൻസഭാസുപ്പീരിയരായ മോൺസിഞ്ഞോർ എവുജീൻ മെഡർലെറു് എന്ന ഫ്റഞ്ചുകാരനേയും, മൈലാപ്പൂർ സഹായ മെത്രാനായി അവിടത്തെ വികാരി ജനറാളും അഡ്മിനിസ്ത്രേയിററുമായിരുന്ന മോൺസിഞ്ഞോർ ടെയ്ക്സേയിരാ എന്ന പോർട്ടുഗീസുകാരനേയും നിയമിച്ചിരിക്കുന്നു.

ഇൻഡോറിലും റായ്ച്ചൂരിലും ഓരോ പുതിയ രൂപതകൾ സ്ഥാപിക്കുന്നതിനും കുംഭകോണത്തു ഒരു സ്വദേശമെത്രാനെ നിയമിക്കുന്നതിനും തീർച്ചപ്പെടുത്തിയിരിക്കുന്നു.

ഏതാനും വർഷങ്ങളായി പോർട്ടുഗലിൽ താമസിക്കുന്ന മൈലാപ്പൂർ മെത്രാൻ ഡോക്ടർ തെയൊട്ടോനിയോ അവർകളെ, പരിശുദ്ധ സിംഹാസനവും പോർട്ടുഗൽ ഗവമ്മെൻറും തമ്മിൽ ഈയിടെനടന്ന ഉടമ്പടിയിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനു പരിശുദ്ധ പിതാവിന്റെ പ്രതിനിധിയായി ഉടനെ ഇൻഡ്യയിലേക്കു അയക്കുന്നതാണെന്നറിയുന്നു.

ഉന്നത വിദ്യാഭ്യാസാർത്ഥം റോമിലേക്കു പുറപ്പെട്ടിരിക്കുന്ന റവ. ഫാദർ പ്ലാസിഡ് ടി. ഒ. സി. ഡി. അവർകൾ ജൂലൈ 12-ാംനു- വ്യാഴാഴ്ച കൊളമ്പിൽനിന്നു കപ്പൽ കയറിയിരിക്കുന്നു.

റോമയിൽനിന്നും പഠനം കഴിഞ്ഞു പുറപ്പെട്ടിരിക്കുന്ന ബ. കാപ്പിലച്ചനും, അലപ്പാട്ടച്ചനും യൂറോപ്പിലെ പ്രധാനസ്ഥലങ്ങളിൽ സഞ്ചരിച്ചുവരികയാണല്ലൊ. ഈമാസം പകുതിയോടെ അവർ കൊളമ്പിലെത്തുമെന്നു അറിയുന്നു.

തെന്നിൻഡ്യാതീവണ്ടിജോലിക്കാരുടെ പണിമുടക്കു തെക്കേ ഇൻഡ്യാ മുഴുവൻ വ്യാപിച്ചിരിക്കുന്നു. തീവണ്ടികൾ മിക്കതും മുടങ്ങിയിരിക്കുന്നെന്നു മാത്രമല്ല, പല സ്ഥലങ്ങളിൽ വലിയ ലഹളകളും നടന്നുവരുന്നു. ലഹള ഒതുക്കുന്നതിനായി പോലീസുകാർ വെടിവച്ചു പലർ മരിക്കുകയുണ്ടായിട്ടുമുണ്ട്.

മട്ടാഞ്ചേരിയിൽ പ്ലേഗു ബാധിച്ചിരിക്കുന്നതിനാൽ തിരുവിതാംകൂറിലേക്കും മറ്റു സ്ഥലങ്ങളിലേക്കും ഈ മഹാരോഗം വ്യാപിക്കാതിരിക്കുന്നതിനു തിരുവിതാംകൂർ കൊച്ചി ഗവമ്മെണ്ടുകൾ ഊർജ്ജിതമായ നടപടികൾ നടത്തിവരുന്നതായിക്കാണുന്നു.

---

## മനോഗുണവിവരങ്ങൾ.

ചുരുക്കമായി ഈ വിധവിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേറടച്ചു അപേക്ഷിക്കണം.

വിശുദ്ധ അന്തോനീസിന്റെയും കൊച്ചുത്രേസ്യായുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു. കെ എ. മന്നാനം.

വിശുദ്ധ കർബാനയോടുള്ള അപേക്ഷമൂലവും മാർ യൌസേപ്പു പിതാവിന്റെ മാദ്ധ്യസ്ഥതാലും എന്നെ ബാധിച്ചിരുന്ന പ്രമേഹരോഗം മിക്കവാറും സുഖമായതിനുപകാരസ്മരണ. തൊമ്മി ഭൂമിനി കാഞ്ഞിരപ്പള്ളി.

ഞാനുദ്ദേശിച്ചിരുന്ന കാര്യം എനിക്കനുകൂലമായി ചെറുപുഷ്പത്തിന്റെ സഹായത്താൽ സാധിച്ചതിനു ഉപകാരസ്മരണയായി രണ്ടു രൂപാ അയക്കുന്നു. നിക്കോലാസ് എസ്സ് ലോപ്പസ്. ഡിഗാലാ. സിലോൺ.

ഈശോയുടെ തിരുഹൃദയത്തിന്റെ അനുഗ്രഹത്താലും പരിശുദ്ധ മറിയത്തിന്റെയും മാർ യൌസേപ്പുപിതാവിന്റെയും മാദ്ധ്യസ്ഥത്താലും ഞാൻ പരീക്ഷയിൽ വിജയി ആയതിനു. റി. റി. ജെ. ചിററാർ.

എനിക്കുണ്ടായ ശക്തിയായ ഒരു സുഖക്കേടു ഈശോയുടെ തിരുഹൃദയത്തിന്റെ സഹായത്താലും വിശുദ്ധ കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്താലും സുഖമായതിനു.

റി. ജെ. ജോസഫ് അതിരമ്പുഴ.

---

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

രാമപുരം ഇടവക കല്ലനാനിക്കൽ കുരുവിള അന്ന ജൂൺ 10-ാംനു- 71 വയസ്സു.

ഭരണങ്ങാനം മഠത്തിലെ അംഗമായ റവ. സിസ്റ്റർ മെറ്റിൽഡ, എന്ന കന്യാസ്ത്രി ന്യുമോണിയാരോഗം നിമിത്തം ജൂൺ 23-ാംനു-

കേരളീയകർമ്മലീത്താസഭയിലെ അംഗമായിരുന്നവാഴക്കുളത്തു മഞ്ചേരിയിൽ ബ. യൌസേപ്പു അന്തോനി അച്ചൻ ജൂലൈ 2-ാംനു-, 79 വയസ്സു.

മാന്നാനം കെ, സി, സി. എ. യുടെ ഒരു മാതൃകാ അംഗമായിരുന്ന ആലഞ്ചേരിൽ ജോസഫ് ജൂൺ 30-ാംനു-. 12 വയസ്സു

കുരുവിനാൽ പള്ളിയിടവക ചേന്നാട്ടു ബ. മത്തായി ശമ്മാച്ചന്റെ പിതാവു മത്തായി ജൂലൈ 3-ാംനു- 73 വയസ്സു.

ആലപ്പുഴ കേരളസന്താനംപ്രസ്സുടമസ്ഥൻ ടി. എസ്സ്. തോമ്മസ് ജൂലൈ 3-ാംനു-.

അങ്കമാലി ഇടവക ചെന്നക്കാടൻ ബ: ജരാർദ്ദച്ചൻ ജൂലൈ 5-ാംനു- 53 വയസ്സു.

ഇടത്തുരുത്തി കർമ്മലീത്താമഠത്തിലെ അംഗമായ റവ. സിസ്റ്റർ അൽഫോൻസാ ജൂലൈ 10-ാംനു- 35 വയസ്സു.

പൊൻകുന്നം ഇടവക കന്നേൽ ബ: മത്തായി ശമ്മാച്ചന്റെ പിതാവു കുര്യൻ ജൂലൈ 13-ാംനു- 78 വയസ്സു.

# പഞ്ചാംഗം.

എപ്പകത്തി ൨൮. · ൨൭ ഞായറാഴ്ച അക്ഷരം. ൭ . ൨

## ൧൯൨൮ ആഗസ്റ്റ് — ൧൧൦൩ കർക്കടകം — ൧൧൦൪ ചിങ്ങം.

| | | | | | |
|---|---|---|---|---|---|
| ◑ | 1 | 17 | ബു | പത്രോസ്സ് ശ്ലീഹാ ബന്ധനം ന. ക. പെ. | വെ. |
| | | | | ❊ വേ. മക്കബായർ ന. ആ. ക. പെ. | ച്യു. |
| | 2 | 18 | വ്യാ | പാ. വേ. എസ്തപ്പാനോസ്സ് ന. ആ. ക. പെ. | ച്യു. |
| | | | | ❊ അ. മ. അല്ലോൻസ് ന. ആ. ക. പെ. | വെ. |
| | 3 | 19 | വെ | എസ്തപ്പാനോസിന്റെ ശരീ. കണ്ടെത്തി ന. ആ. ക. പെ. | ച്യു. |
| | 4 | 20 | ശ | മ. ഡോമ്മിനിക്കോസ് ന. ആ. ക. പെ. | വെ. |
| | 5 | 21 | ഞാ | ✠ പന്ത. ൧൦-ാം ഞാ. ന. ക. ആ. .൨൫ . ൭ . ൫ | പ. |
| | 6 | 22 | തി | (†) ന. ക. വെളിപാട് ന. ക. പെ. | വെ. |
| | 7 | 23 | ചൊ | അ. വേ. ദൊനാത്തോസ് ന. ആ. ക. പെ. | ച്യു. |
| | | | | ❊ മെ. കയത്താനോസ്സ് ന. ആ. ക. പെ. | വെ. |
| | 8 | 24 | ബു | വേ. കുറിയാക്കോസും കൂട്ട. ന. ആ. ക. പെ. | ച്യു. |
| | 9 | 25 | വ്യാ | വേ. ലൗറന്തിയോസ്സ് തലേ. ന. ആ. ക. തലേ. | റോ. |
| | 10 | 26 | വെ | വേ. ലൗറന്തിയോസ്സ ന. ആ. ക. പെ. | ച്യു. |
| | 11 | 27 | ശ | വേ. തിബുർത്തീസ്സ് ന. ആ. ക. പെ. | ച്യു. |
| | 12 | 28 | ഞാ | ✠ പന്ത ൧൧-ാം ഞാ. ന. ആ. ക. . ൨൯ . ൩ . ൨ | പ. |
| | | | | ☞ ചൊവ്വാ ഇ. വി. ബുധൻ കടം. | |
| | 13 | 29 | തി | വേ. ഹിപ്പോലിത്തോസ്സും കൂട്ട. ന. ആ. ക. പെ. | ച്യു. |
| | 14 | 30 | ചൊ | ക. മാ. കരേററം തലേ. ന. ആ. ക. തലേ ഇ. വി. | റോ. |
| | 15 | 31 | ബു | ✠ ക. മാ. കരേററം ന. ക. പെ. | വെ. |
| ● | 16 | 1 | വ്യാ | ❊ മ. റോക്കോസ്സ ന. ആ. ക. പെ | വെ. |
| | 17 | 2 | വെ | വേ. ലൗറന്തിയോസ്സ് എട്ടാം ന. ആ. ക. പെ. | ച്യു. |
| | 18 | 3 | ശ | വേ. അഗാപ്പിത്തോസ്സ ന. ആ. ക. പെ. | ച്യു. |
| | 19 | 4 | ഞാ | ✠ പന്ത ൧൨-ാം ഞാ. ന. ക. ആ. . ൩൨ . ൦ . ൫ | പ. |
| | | | | ക. മാ. പിതാ. യൊആക്കിം ന. ആ. ക. പെ. ❊ ൭൮ (❊ ൧) | വെ. |
| | | | | ☞ അടുത്ത വ്യാഴം ഇ. വി. | |
| | 20 | 5 | തി | ആ. വാ. ബെർണ്ണർദോസ്സ ന. ആ. ക. പെ. | വെ. |
| | 21 | 6 | ചൊ | വിധ. ഷന്താൾ ന. ആ. ക. പെ. | വെ. |
| | 22 | 7 | ബു | ക. മാ. കരേററം എട്ടാം ന. ആ. ക. പെ. | വെ. |
| | 23 | 8 | വ്യാ | ശ്ലീ. ബർത്തുലൂമാ തലേ. ന. ആ. ക. തലേ. ഇ. വി. | റോ. |
| | 24 | 9 | വെ | (†) ശ്ലീ ബർത്തുലൂമാ ന. ക. പെ. | ച്യു. |
| | | | | ❊ മ. ബെനീത്തീസ്സ് ന. ആ. ക. പെ. | വെ. |
| | 25 | 10 | ശ | രാജ മ. ലുദവിക്കോസ്സ ന. ആ. ക. പെ. | വെ. |
| | 26 | 11 | ഞാ | ✠ പന്ത ൧൩-ാം ഞാ. ന. ക. ആ. . ൩൫ . ൭ . ൨ | പ. |
| | 27 | 12 | തി | ❊ മ. കലാസാന്തീസ്സ ന. ആ. ക. പെ. | വെ. |
| | | | | ❊ ക. ത്രേസ്യായുടെ ശങ്കുകുത്തി. | വെ. |
| | 28 | 13 | ചൊ | അ. മ. മ. അഗുസ്തീനോസ്സ് ന. ആ. ക. പെ. | വെ. |
| | | | | എറണാകുളം മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ നാമകാരണൻ | |
| | 29 | 14 | ബു | യോഹ. മാംദാനായുടെ ശിരച്ഛേദനം ന. ആ. ക. പെ. | ച്യു. |
| | 30 | 15 | വ്യാ | വേ. ഫെലിക്സും കൂട്ട. ന. ആ. ക. പെ. | ച്യു. |
| ◑ | 31 | 16 | വെ | ❊ മ. അപ്രസ്തുത റൈമൂന്ത് ന. ആ. ക. പെ. | വെ. |

Printed and Published for the proprietor by P. K. Joseph at the
St. Joseph's Press, Mannanam, 1928.